بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ   نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ   وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാള്യം 10

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 31

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ജൂലൈ 31 • ഹി.ശം 1404 വഫാ 31 • ഹി:ഖ 1447 സ്വഫ്ർ 05


## അല്ലാഹുവിന്റെ വചനം

ثُمَّ اَفِيْضُوْا مِنْ حَيْثُ
اَفَاضَ النَّاسُ وَاسْتَغْفِرُوا اللّٰهَ ۗ
اِنَّ اللّٰهَ غَفُوْرٌ رَّحِيْمٌ ○

(سورة البقرة:200)

പിന്നീട് മുൻഗാമികളായ ജനങ്ങൾ മടങ്ങിക്കൊണ്ടിരുന്ന സ്ഥലത്തുകൂടി നിങ്ങളും മടങ്ങുക. അല്ലാഹുവിനോടു മാപ്പിന്നപേക്ഷിക്കുക. നിശ്ചയമായും അല്ലാഹു സർവഥാ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമാകുന്നു.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## ഇമാംമഹ്ദി യഥാർഥ ഖുർആൻ എടുത്തുകൊണ്ടുപോയി ഗുഹയിൽ മറഞ്ഞിരുന്നു. 12 ഇമാമീങ്ങളോടുകൂടി വിലായത്ത് അവസാനിച്ചു കഴിഞ്ഞു. ബാക്കിയുള്ള ജനങ്ങൾ പുനരുഥാനനാൾവരെ മൃഗങ്ങളെപ്പോലെ വസിച്ചുകൊള്ളണമത്രെ!

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

***സത്യവാനേയും അസത്യവാനേയും തിരിച്ചറിയാൻ***

ചോദിക്കപ്പെട്ടു, ചില എതിരാളികളും ഇൽഹാമുകൾ ഉണ്ടാകുന്നുവെന്ന് വാദിക്കുന്നുണ്ടല്ലോ. അപ്പോൾപ്പിന്നെ സത്യവാനേയും അസത്യവാനേയും തിരിച്ചറിയുന്നതെങ്ങനെ?

അവിടന്ന് പറഞ്ഞു: ഇതു വളരെ എളുപ്പമാണ്. നമ്മുടെ എതിരാളികൾ എതിരിൽ വന്ന് 'തങ്ങൾ സത്യവാന്മാരാണെങ്കിൽ തങ്ങൾക്കുമുമ്പേ എതിരാളി മരിക്കും' എന്ന വാദം പ്രസിദ്ധീകരിക്കുകയാണെങ്കിൽ നമ്മുടെ എതിരാളി നമുക്കുമുമ്പേ മരിക്കുന്നതായിരിക്കും. ജീവിക്കാനുള്ള എല്ലാ സൗകര്യങ്ങളുമുള്ള പത്തുവയസ്സുള്ള ഒരു കുട്ടി- അവന് ജീവിച്ചിരിക്കാൻ ഒരുപാടു കാലം ബാക്കിയുണ്ടല്ലോ- ഈ വാദമുന്നയിച്ച് നമുക്കെതിരിൽ എഴുന്നേറ്റുനിന്നാൽ അല്ലാഹു എനിക്കുമുമ്പേ അവനെ മരിപ്പിക്കുന്നതായിരിക്കുമെന്നുള്ള ദൃഢഗാഢമായ വിശ്വാസം നമുക്ക്  അല്ലാഹുവിൽനിന്ന് നല്കപ്പെട്ടിരിക്കുന്നു.

***ശിയാ മതത്തിന്റെ വിശ്വാസാദർശങ്ങൾ***

പറഞ്ഞു: ശിയമതക്കാർ ഇസ്ലാമിന്റെ കടുത്ത വിരോധികളാണ്. ഒന്ന്, വഹ്‌യ് കൊണ്ടുവരുന്നതിൽ ജിബ്‌രീൽ പിഴവുവരുത്തിയെന്നത് ശിയാക്കളുടെ വിശ്വാസമാണ്. രണ്ട്, നബിﷺതിരുമേനിയുടെ ദുആകൾക്കുശേഷം നല്കപ്പെട്ട അവിടത്തെ സ്വഹാബത്ത് മആദല്ലാഹ് മുസ്‌ലിമായിരുന്നില്ലത്രെ! മൂന്ന്, അല്ലാഹുവിന്റെ വിശുദ്ധ ഗ്രന്ഥമായ വിശുദ്ധ ഖുർആൻ- അതിന്റെ സംരക്ഷണം അല്ലാഹു ഏറ്റെടുത്തിട്ടുള്ളതാണ്- ശിയാക്കളുടെ വിശ്വാസപ്രകാരം അസലല്ല. ഇമാം മഹ്ദി യഥാർഥ ഖുർആൻ എടുത്തുകൊണ്ടുപോയി ഗുഹയിൽ മറഞ്ഞിരുന്നു. നാല്, 12 ഇമാമീങ്ങളോടുകൂടി വിലായത്ത് അവസാനിച്ചു കഴിഞ്ഞു. ബാക്കിയുള്ള ജനങ്ങൾ പുനരുഥാനനാൾവരെ മൃഗങ്ങളെപ്പോലെ വസിച്ചുകൊള്ളണം. അവരോടു അല്ലാഹുവിന് സ്നേഹമില്ല. അഞ്ച്. അല്ലാഹുവിന്റെ സ്നേഹിതനായ നബിﷺതിരുമേനിയുടെ സ്വഹാബത്തിനെ ചീത്ത വിളിക്കുകയും അത് നബിﷺതിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നതിനെക്കാൾ കൂടുതൽ പുണ്യമായി മനസ്സിലാക്കുകയും ചെയ്യുന്നു. അവർ ഒരു മഹത്തുക്കളേയും അല്ലാഹുവിന്റെ ഇഷ്ടദാസരേയും നല്ലവരെന്ന് കരുതുന്നില്ല. എന്റെ ഉസ്താദ് ഹദ്റത്ത് സയ്യിദ് അബ്ദുൽഖാദിർ ജീലാനിയെ ചീത്ത വിളിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. യഥാർഥ കാര്യമെന്താണെന്നാൽ 'യസീദ്' എന്നതാണ് ഏറ്റവും ദുഷിച്ച നാമം. അയാളുടെ പങ്കാളിത്തത്തോടെ ഇമാം ഹുസയ്ന്റെ ശഹാദത്തുണ്ടായെങ്കിൽ അത് ചീത്തത്തന്നെയാണ്. എന്നാൽ, അദ്ദേഹം ചെയ്ത പ്രവൃത്തി ഇന്നത്തെ ശിയാക്കൾ എല്ലാവരും ഒരുമിച്ചുകൂടിയാലും ചെയ്യാൻ കഴിയില്ല.

***ഗ്രന്ഥാനുസാരികളുടെ ഭക്ഷണം***

ഗ്രന്ഥാനുസാരികളുടെ ഭക്ഷണം കഴിക്കുന്നതിനെ സംബന്ധിച്ച് ബാബു മുഹമ്മദ് അഫ്ള്‌ൽ സാഹിബ് ചോദിച്ചാൽ ഹദ്റത്ത് അഖ്ദസ് പറഞ്ഞു:'സംസ്കാരം എന്ന നിലയിൽ ഹിന്ദുക്കളുടെ ഭക്ഷണവും കഴിക്കാറുണ്ട്. ഇപ്രകാരം ക്രിസ്ത്യാനികളുടെ ഭക്ഷണവും ശരിതന്നെ. എന്നാൽ, പാത്രം പരിശുദ്ധമായിരിക്കേണ്ടതും അവിശുദ്ധവസ്തുവാകാതിരിക്കേണ്ടതും ഗൗനിക്കേണ്ടത് നിർബന്ധമാണ്.'*(മൽഫൂദാത്ത് വാല്യം 1 പേജ് 131, 2018 ഖാദിയിൻ പതിപ്പ്)*

## ഇസ്‌ലാം അമാനത്ത് അഥവാ വിശ്വസ്തതയ്ക്കും ദിയാനത്ത് അഥവാ സത്യസന്ധതയ്ക്കും മുആഹിദാത്ത് അഥവാ കരാർ പാലനത്തിനും പ്രത്യേകമായ പ്രാധാന്യം നല്കുന്നു. പറയുന്നു: വിശ്വസ്തതയിലും കരാർ പാലനത്തിലും ഉന്നതമായ മാതൃക കാഴ്ചവെക്കുന്ന മുഅ്മിൻ അഥവാ സത്യവിശ്വാസിയാണ് വിജയം പ്രാപിക്കുന്നത്.

സയ്യിദുനാ മുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്ؓ തന്റെ തഫ്സീർ കബീറിൽ സൂറത്ത് അൽമുഅ്മിനൂനിലെ 9-ാമത്തെ വചനമായ **വല്ലദീനഹും ലി അമാനാത്തിഹിം വ അഹ്ദിഹിം റാഊൻ** എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:

"പിന്നീട് ഉടമ്പടി അഥവാ കരാർ പാലിക്കുന്നതിൽ നബിﷺതിരുമേനി എത്രമാത്രം ശ്രദ്ധിച്ചിരുന്നുവെന്നാൽ, നുബുവ്വത്ത് വാദം പുറപ്പെടുവിക്കുന്നതിന് മുമ്പേ ഗോത്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങളും നിത്യേനയുള്ള പരസ്പര വഴക്കുകളും കലഹങ്ങളും കണ്ട് മക്കയിലെ കുറച്ച് യുവാക്കൾ ചേർന്ന് ഒരു സംഘടന രൂപീകരിച്ചു. അക്രമങ്ങൾക്കും അന്യായമായ പെരുമാറ്റങ്ങൾക്കും ഇരയായിട്ടുള്ളവരെ സഹായിക്കുകയായിരുന്നു ഈ സംഘടനയുടെ ഉദ്ദേശ്യം. ഇതറിഞ്ഞപ്പോൾ നബിﷺതിരുമേനിയും അതിൽ ചേർന്നു. എല്ലാവരും ചേർന്ന് ഇങ്ങനെ പ്രതിജ്ഞ ചെയ്തു:"മർദ്ദിതർ ആരായാലും അവരെ സഹായിക്കുകയും അവരുടെ അവകാശങ്ങൾ നേടിക്കൊടുക്കുകയും ചെയ്യും; കടലിൽ അവസാന തുള്ളി വെള്ളം ബാക്കിയാവോളം! അതിനു സാധിക്കാതെ വരുന്നപക്ഷം സ്വന്തം മുതലിൽനിന്ന് അക്രമത്തിന്നിരയായവർക്ക് നഷ്ടപരിഹാരം നല്കുന്നതാണ്. (റൗസുൽഉനൂഫ്- ഇമാം സുഹയ്‌ലി)

അക്രമിക്കപ്പെട്ടരെ സഹായിക്കുമെന്നും അവരുടെ അമാനത്ത് സംരക്ഷിക്കുമെന്നും പ്രഖ്യാപിച്ചുകൊണ്ട് രൂപീകരിച്ച ഈ സംഘടന, എന്തു പ്രവൃത്തി ചെയ്തുവെന്നോ എങ്ങനെ അക്രമിക്കപ്പെട്ടവരെ സഹായിച്ചുവെന്നോ  ഉള്ള ചരിത്രപരമായ കൂടുതൽ വിവരങ്ങൾ ലഭിക്കുന്നില്ല. എന്നാൽ, നുബുവ്വത്ത് വാദത്തിനുശേഷം നബിﷺതിരുമേനിക്ക് ഇത്തരം ഒരു സന്ദർഭം വന്നെത്തി. മക്കത്തെ പ്രമാണിയായരുന്ന അബൂജഹ്ൽ നബിﷺതിരുമേനിയുടെ കടുത്ത

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനിയുടെ സൈന്യം ഫാറാനിലെ മരുപ്രദേശത്ത് പ്രവേശിച്ചപ്പോൾ അവരുടെ അംഗസംഖ്യ സുലയ്മാൻ നബിയുടെ പ്രവചനമനുസരിച്ച് പത്തായിരംവരെ എത്തിക്കഴിഞ്ഞിരുന്നു.**

**നബിﷺതിരുമേനിയുടെ ഖബൂലാക്കപ്പെട്ട ദുആകൾ മുഖാന്തരം അല്ലാഹു ആ കത്തിനെ കുറിച്ച് അദ്ദേഹത്തെ അറിയിച്ചു. അത് നബിﷺതിരുമേനിയുടെ പരിപാടികളെ കുറിച്ച് മക്കയിലെ ഖുറയ്ശികളെ അറിയിക്കുന്നതിനുവേണ്ടി രഹസ്യമായ അയക്കുന്നതായിരുന്നു.**

**കുറച്ചാളുകൾക്ക് നബിﷺതിരുമേനിയുമായി സാദൃശ്യമുണ്ടായിരുന്നു. അവരിലൊരാൾ ഹദ്‌റത്ത് അബൂസുഫിയാൻ ബിൻ ഹാരിഥുമായിരുന്നു.**

**മക്കവിജയ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ സ്വാധീനനിർഭരമായ നബിചരിത്ര വിവരണം.**

**ഖുത്വ്ബ ജുമുഅ 2025 ജൂൺ 20, 1404 ഇഹ്സാൻ 20, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيمِ ○ بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ○ الرَّحْمٰنِ الرَّحِيمِ ○ مٰلِكِ يَوْمِ الدِّينِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ○ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ○

മക്കാ വിജയ യാത്രയെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരുന്നത്. ഈ യാത്രയ്ക്ക് പുറപ്പെടുന്നതിനു മുമ്പേ ഒരു സംഭവം പരാമർശിക്കപ്പെടുന്നുണ്ട്. ഒരു സ്വഹാബി തന്റെ വിവരമില്ലായ്മ കാരണം നബിﷺതിരുമേനിയുടെ യാത്രയെക്കുറിച്ച് മക്കയിലുള്ളവർക്ക് വിവരം നൽകാൻ ശ്രമിച്ചു. എന്നാൽ, അല്ലാഹു നബിﷺ തിരുമേനിയെ ഇതറിയിക്കുകയും അങ്ങനെ നബിﷺതിരുമേനിയുടെ ഈ പദ്ധതിയെക്കുറിച്ച് അവിശ്വാസികൾക്ക് അറിവ് ലഭിക്കാതെ വരികയും ചെയ്തു.

വിശദീകരണത്തിൽ എഴുതിയിരിക്കുന്നു: മക്കയിലേക്കുള്ള ഒരുക്കങ്ങൾ മദീനയിൽ നടക്കുന്നതിനിടെ, മദീനയിലുണ്ടായിരുന്ന ഒരു ബദ്‌രീ സ്വഹാബിയായിരുന്ന ഹാത്വിബ് ബിൻ അബീ ബൽത്തഅؓ എന്ന ഒരു സ്വഹാബി ഖുറയ്ശികൾക്ക് ഒരു കത്തെഴുതി. നബിﷺതിരുമേനി നിങ്ങളുടെ നേരെ പുറപ്പെടാൻ പദ്ധതിയിടുന്നുണ്ടെന്ന് അദ്ദേഹം ആ കത്തിൽ അറിയിച്ചു. മദീനയിലെ ഒരുക്കങ്ങൾ നടക്കുമ്പോൾ, ഹാത്വിബ്ؓഈ കത്ത് മുസയ്ന ഗോത്രത്തിൽപ്പെട്ട ഒരു സ്ത്രീയേ ഏൽപ്പിച്ചു. കനൂദ് അല്ലെങ്കിൽ സാറ എന്നായിരുന്നു ഈ സ്ത്രീയുടെ പേര്. ബനൂ അബ്ദുൽ മുത്വലിബിലെ ഒരാളുടെ അടിമസ്ത്രീയായിരുന്നു. കത്ത് മക്കയിലെത്തിക്കാൻ ഹാത്വിബ്ؓഅവർക്ക് പ്രതിഫലം നിശ്ചയിക്കുകയും, കത്ത് രഹസ്യമായി സൂക്ഷിക്കാനും സാധാരണ വഴിയിലൂടെ യാത്ര ചെയ്യാതിരിക്കാനും നിർദ്ദേശിച്ചു, കാരണം അവിടെ കാവലുണ്ടായിരുന്നു. ആ സ്ത്രീ കത്ത് തന്റെ തലമുടിയിൽ ഒളിപ്പിച്ച്, മുടി പിന്നിക്കെട്ടി പുറപ്പെട്ടു. ആ കത്തിൽ ഇങ്ങനെ എഴുതിയിരുന്നു: 'നബിﷺതിരുമേനി നിങ്ങളുടെ നേരെ രാത്രിപോലെ ഇരുണ്ട ഒരു സൈന്യവുമായി വരുന്നുണ്ട്. അതായത്, വളരെ വലിയ സൈന്യമാണത്. ശക്തിയേറിയ ഒഴുക്കിനെപ്പോലെ അതിവേഗം അത് വന്നുകൊണ്ടിരിക്കുന്നു. അല്ലാഹുവാണെ സത്യം! നബിﷺതിരുമേനി ഒറ്റയ്ക്ക് നിങ്ങളുടെ നേർക്ക് പുറപ്പെട്ടാൽപോലും, അല്ലാഹു തീർച്ചയായും നിങ്ങൾക്കെതിരിൽ അദ്ദേഹത്തെ സഹായിക്കും. അല്ലാഹു നബിﷺതിരുമേനിക്ക് നൽകിയ വാഗ്ദാനം പൂർത്തിയാക്കുക തന്നെ ചെയ്യും. അതിനാൽ, നിങ്ങൾ നിങ്ങളുടെ ഒരുക്കങ്ങൾ നടത്തിക്കൊള്ളുക.'

മറ്റൊരു റിപ്പോർട്ടിൽ ഇതും എഴുതിയിരുന്നു: മുഹമ്മദ്ﷺ തന്റെ സൈന്യവുമായി നിങ്ങളുടെ നേരെയോ അല്ലാതെയോ വരുന്നുണ്ട്; എങ്ങോട്ടേക്കാണെന്ന് പറയാൻ കഴിയില്ല. എന്തായാലും നിങ്ങളെല്ലാവരും പൂർണ്ണമായ മുൻകരുതലുകൾ എടുക്കുക. ഈ വിവരത്തിലൂടെ നിങ്ങളുടെ മേൽ ഒരു ഉപകാരം ചെയ്യണമെന്ന് ഞാൻ ആഗ്രഹിച്ചു. *(അസ്സീറത്തുന്നബവിയ്യ ബിരിവായത്തിൽ ഇമാമുൽ ബുഖാരി, അദ്ദുക്തൂർ രിയാള് ഹാശിം ഹാദി പേജ് 136 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റുത്ത്)(ഫതഹുൽബാരി വാല്യം 7, പേജ് 663, കിതാബുൽ മഗാസി, ബാബു ഗസ്‌വത്തുൽ ഫത്ഹി, ഹദീഥ് 4274, ഖദീമീ കുതുബു ഖാന, ആരാം ബാഗ് കറാച്ചി)(സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 108, ശാമില ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റുത്ത്)(അർറൗളുൽ ഉൻഫ് ദിക്‌റുൽ അസ്ബാബുൽ മൂജിബത്തുൽ മസീർ......വാല്യം 4, പേജ് 150-151 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റുത്ത്)(ഗസ്‌വാത്തുന്നബിﷺ, അലി ബിൻ ബുർഹാമുദ്ദീൻ ഹൽബി, പേജ് 549, ദാറുൽഇശാഅത്ത് കറാച്ചി)*

ഒരു നിവേദനമനുസരിച്ച്, അദ്ദേഹം ഈ കത്ത് സ്വഫ്‌വാൻ ബിൻ ഉമയ്യ, സുഹയ്ൽ ബിൻ അംറ്, ഇക്‌രിമ ബിൻ അബൂജഹ്ൽ എന്നിവർക്കാണ് എഴുതിയിരുന്നത്. *(ഇംതാഉൽ അസ്‌മാഅ്, ഗസ്‌വത്തുൽ ഫത്ഹ്, ഖബർ ഹാത്വിബ്, വാല്യം 1, പേജ് 352, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റുത്ത്)*

മറുഭാഗത്ത്, നബിﷺതിരുമേനിയുടെ പ്രാർഥനകളുടെ ഫലമായി ഈ കത്തിനെക്കുറിച്ച് അല്ലാഹു നബിﷺതിരുമേനിക്ക് വിവരം നൽകി. അങ്ങനെ നബിﷺതിരുമേനി ഹദ്‌റത്ത് അലിയെؓവിളിച്ചു. ഹദ്‌റത്ത് അലിؓതന്നെ ഈ സംഭവം വിവരിക്കുന്നു: 'നബിﷺതിരുമേനി എന്നെയും, അബൂ മർഥദ് ഗനവിയെയും, സുബയ്‌റിനെയും അയച്ചു. ഞങ്ങളെല്ലാവരും കുതിരപ്പടയാളികളായിരുന്നു. അവിടന്ന് പറഞ്ഞു: 'നിങ്ങൾ പുറപ്പെട്ടുകൊള്ളുക, നിങ്ങൾ 'റൗളത്തുഖാഖ്' എന്ന സ്ഥലത്തെത്തുക. അത് മദീനയ്ക്കും മക്കയ്ക്കുമിടയിലുള്ള ഒരു സ്ഥലമാണ്. അവിടെ ബഹുദൈവാരാധകരിൽപ്പെട്ട ഒരു സ്ത്രീ ഉണ്ടാകും. അവളുടെ കൈയിൽ ഹാത്വിബ് ബിൻ അബീ ബൽത്തഅയിൽനിന്ന് ബഹുദൈവാരാധകർക്കുള്ള ഒരു കത്തുണ്ട്.' അങ്ങനെ ഞങ്ങൾ നബിﷺതിരുമേനി പറഞ്ഞ അതേ സ്ഥലത്ത് അവളെ കണ്ടെത്തി. അവൾ തന്റെ ഒട്ടകപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. ഞങ്ങൾ പറഞ്ഞു: 'കത്ത് പുറത്തെടുക്കൂ.' അവൾ പറഞ്ഞു: 'എന്റെ കൈയിൽ കത്തൊന്നുമില്ല.' ഞങ്ങൾ അവളുടെ ഒട്ടകത്തെ ഇരുത്തി പരിശോധിച്ചു, എന്നാൽ, ഒരു കത്തും ഞങ്ങൾക്ക് കിട്ടിയില്ല. ഞങ്ങൾ പറഞ്ഞു: 'നബിﷺതിരുമേനി പറഞ്ഞത് തെറ്റാകുകയില്ല. നീ കത്ത് പുറത്തെടുത്തേ മതിയാകൂ, അല്ലെങ്കിൽ ഞങ്ങൾ നിന്നെ വിവസ്ത്രയാക്കി പരിശോധിക്കും.' അവർ നിർബന്ധം പിടിക്കുന്നതു കണ്ടപ്പോൾ, അവൾ തന്റെ അരക്കെട്ടിലേക്ക് കുനിഞ്ഞു. അവൾ അരക്കെട്ടിൽ ഒരു പുതപ്പ് കെട്ടിയിരുന്നു. അതിൽനിന്ന് കത്ത് പുറത്തെടുത്ത് ഞങ്ങൾക്ക് നൽകി. ബുഖാരിയിലെ മറ്റൊരു റിപ്പോർട്ടനുസരിച്ച്, അവൾ തന്റെ തലമുടിക്കെട്ടിൽനിന്ന് അത് പുറത്തെടുത്തു. രണ്ട് റിപ്പോർട്ടുകളാണുള്ളത്. ഞങ്ങൾ ആ സ്ത്രീയെയും കൊണ്ട് നബിﷺതിരുമേനിയുടെ അടുത്തു വന്നു.'ഹദ്‌റത്ത് ഉമർؓപറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഈ ഹാത്വിബ്ؓ-കത്തെഴുതിയ സ്വഹാബി-അല്ലാ

ഹുവിനോടും അവന്റെ റസൂലിനോടും സത്യവിശ്വാസികളോടും വഞ്ചന കാണിച്ചിരിക്കുകയാണ്. അദ്ദേഹത്തെ വധിക്കാൻ എനിക്ക് അനുവാദം നൽകിയാലും.' നബിﷺതിരുമേനി ഹാത്വിബിനോടു ചോദിച്ചു: 'ഈ പ്രവൃത്തി ചെയ്യാൻ നിന്നെ എന്താണ് പ്രേരിപ്പിച്ചത്? നീയെന്തിന് ഈ കത്തെഴുതി?' ഹാത്വിബ്ؓപറഞ്ഞു: 'അല്ലാഹുവാണെ സത്യം! ഞാൻ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കാത്ത ഒരാളായിരുന്നില്ല. അതായത്, ഞാൻ സത്യവിശ്വാസികളിൽപ്പെട്ടവനാണ്. ഇത് ഒരുതരം വഞ്ചനയല്ല. കത്തെഴുതാനുള്ള കാരണം ഇതായിരുന്നു,'അദ്ദേഹം പറഞ്ഞു, 'ഞാനാഗ്രഹിച്ചത് ഖുറയ്ശികൾക്ക് ഒരുപകാരം ചെയ്യണമെന്നാണ്. അതിലൂടെ അല്ലാഹു എന്റെ കുടുംബത്തെയും സ്വത്തുക്കളെയും സംരക്ഷിക്കുമെന്ന് കരുതി. നിങ്ങളുടെ കൂട്ടാളികളിൽ ആരും തന്നെ ഖുറയ്ശികളുടെ അടുത്ത് കുടുംബമില്ലാത്തവരില്ലല്ലോ, അതിലൂടെ അല്ലാഹു അവരുടെ കുടുംബങ്ങളെയും സ്വത്തുക്കളെയും സംരക്ഷിക്കുന്നു.'നബിﷺതിരുമേനി പറഞ്ഞു: 'അദ്ദേഹം സത്യം പറഞ്ഞിരിക്കുന്നു. നിങ്ങൾ അദ്ദേഹത്തെക്കുറിച്ച് നല്ലതല്ലാതെ ഒന്നും പറയരുത്. അദ്ദേഹം പറഞ്ഞത് ശരിയാണ്. നിരപരാധിത്വത്തിൽ അദ്ദേഹം അത് ചെയ്തു.' നബിﷺതിരുമേനി ഉമർ നോടു ചോദിച്ചു: 'ഇദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ലേ?' നബിﷺതിരുമേനി ഇതും പറഞ്ഞു: 'തീർച്ചയായും അല്ലാഹു ബദ്റിൽ പങ്കെടുത്തവരെക്കുറിച്ച് പറഞ്ഞു:'നിങ്ങൾ ഇഷ്ടമുള്ളത് ചെയ്യുക, നിങ്ങൾക്ക് സ്വർഗ്ഗം നിർബന്ധമായിരിക്കുന്നു.' അല്ലെങ്കിൽ പറഞ്ഞു: 'ഞാൻ നിങ്ങൾക്ക് പൊറുത്തുതന്നിരിക്കുന്നു.' ഇതു കേട്ടപ്പോൾ ഉമറിന്റെ കണ്ണുകളിൽനിന്ന് കണ്ണുനീരൊഴുകി, അദ്ദേഹം പറഞ്ഞു: 'അല്ലാഹുവും അവന്റെ റസൂലുമാണ് ഏറ്റവും നന്നായി അറിയുന്നവർ.'*(സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി ഹദീഥ് 3983, നിവേദനം നമ്പർ 3007)(ഉദത്തുൽഖാരി വാല്യം 7, പേജ് 137, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫർഹങ്കെ സീറത്ത് പേജ് 136, സവാർ അക്കാഡമി കറാച്ചി)*

ഈ സംഭവം ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓ വിവിധ ചരിത്രഗ്രന്ഥങ്ങളെ ഉദ്ധരിച്ചുകൊണ്ട് വിവരിച്ചിട്ടുണ്ട്. അദ്ദേഹം എഴുതിയിരിക്കുന്നു:"നബിﷺതിരുമേനിയുടെ കാലത്ത്, ഒരു സ്വഹാബി തന്റെ ബന്ധുക്കൾക്ക് മക്കയിൽ മുസ്‌ലിമീങ്ങൾ ആക്രമിക്കാൻ പോകുന്നുവെന്ന വിവരം രഹസ്യമായി എത്തിക്കാൻ ശ്രമിച്ചു. ഇത് തന്റെ ബന്ധുക്കളോടു സഹാനുഭൂതി പ്രകടിപ്പിക്കുന്നതിലൂടെ അദ്ദേഹത്തിന് നല്ല പരിഗണന ലഭിക്കാൻ വേണ്ടിയായിരുന്നു. എന്നാൽ, ഈ വിവരം നബിﷺതിരുമേനിയെ ദിവ്യവെളിപാടിലൂടെ അല്ലാഹു അറിയിച്ചു. നബിﷺതിരുമേനി അലിؓയേയും ഏതാനും ചില സ്വഹാബിമാരേയും അയച്ചു. 'ഇന്ന സ്ഥലത്ത് ഒരു സ്ത്രീയുണ്ടാകും, അവളുടെ അടുത്തു ചെന്ന് ആ കത്ത് കൊണ്ടുവരിക' എന്ന് അവിടന്ന് പറഞ്ഞു. അവർ അവിടെയെത്തി ആ സ്ത്രീയോട് കത്ത് ചോദിച്ചപ്പോൾ അവൾ വിസമ്മതിച്ചു. ചില സ്വഹാബിമാർ പറഞ്ഞു, 'ഒരുപക്ഷേ, നബിﷺതിരുമേനിക്ക് തെറ്റുപറ്റിയിട്ടുണ്ടാകും.' എന്നാൽ, ഹദ്റത്ത് അലി ؓ പറഞ്ഞു, 'ഇല്ല, നബിﷺതിരുമേനിയുടെ വാക്ക് ഒരിക്കലും തെറ്റാകില്ല.' ഇതായിരുന്നു അവരുടെ വിശ്വാസം. അദ്ദേഹം പറഞ്ഞു: 'ആ കത്ത് കിട്ടാതെ ഞാനിവിടെനിന്ന് പോകുകയില്ല.' അവർ ആ സ്ത്രീയോട് കർക്കശമായി സംസാരിച്ചപ്പോൾ അവൾ ആ കത്ത് പുറത്തെടുത്ത് നൽകി."*(ഖുത്ബാത്തെ മഹ്മൂദ്, വാല്യം 4, പേജ് 182-183)*

മറ്റൊരിടത്ത് ഹദ്റത്ത് മുസ്ലിഹ് മൗഊദ്ؓഈ സംഭവം കൂടുതൽ വിശദമായി വിവരിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു: "ഒരു ദുർബലനായ സ്വഹാബി മക്കക്കാർക്ക് ഒരു കത്തെഴുതി: 'നബിﷺതിരുമേനി പതിനായിരം സൈന്യവുമായി പുറപ്പെട്ടിരിക്കുന്നു. നബിﷺതിരുമേനി എങ്ങോട്ടാണ് പോകുന്നതെന്ന് എനിക്കറിയില്ല, എന്നാൽ, അവിടന്ന് മക്കയിലേക്കായിരിക്കുമെന്ന് ഞാൻ കരുതുന്നു. എനിക്ക് മക്കയിൽ ചില പ്രിയപ്പെട്ടവരും ബന്ധുക്കളുമുണ്ട്. ഈ വിഷമഘട്ടത്തിൽ നിങ്ങൾ അവരെ സഹായിക്കുമെന്നും അവർക്ക് ഒരു തരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകാൻ അനുവദിക്കില്ലെന്നും ഞാൻ പ്രതീക്ഷിക്കുന്നു.' ഈ കത്ത് മക്കയിലെത്തുന്നതിനു മുമ്പേ നബിﷺതിരുമേനി രാവിലെ അലിയെ വിളിച്ച് പറഞ്ഞു: 'ഇന്ന സ്ഥലത്ത് പോവുക. അല്ലാഹു എന്നോടു പറഞ്ഞിരിക്കുന്നു, അവിടെ ഒട്ടകപ്പുറത്ത് യാത്ര ചെയ്യുന്ന ഒരു സ്ത്രീയെ നിനക്ക് കാണാം. അവളുടെ അടുത്ത് ഒരു കത്തുണ്ടാകും. അത് അവൾ മക്കക്കാർക്ക് കൊണ്ടുപോകുകയാണ്. നീ ആ കത്ത് ആ സ്ത്രീയിൽനിന്ന് വാങ്ങി പെട്ടെന്ന് എന്റെയടുത്തുകൊണ്ടുവരിക.' അവർ പോകാൻ തുടങ്ങിയപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'നോക്കൂ, അവൾ ഒരു സ്ത്രീയാണ്. അവളോടു ബലമായിട്ടൊന്നും പെരുമാറരുത്.' തുടക്കത്തിൽത്തന്നെ കാർക്കശ്യം കാണിക്കരുത്. നിന്റെ കൈയിൽ കത്തുണ്ടെന്ന് ശക്തമായി പറയുക. സമ്മർദ്ദം ചെലുത്തുക. എന്നാൽ, അതിനുശേഷവും അവൾ അംഗീകരിക്കുന്നില്ലെങ്കിൽ, അപേക്ഷകളും യാചനകളും ഫലം ചെയ്യുന്നില്ലെങ്കിൽ, അങ്ങനെയൊരു സാഹചര്യത്തിൽ നിനക്ക് ബലം പ്രയോഗിക്കാം. അവളെ കൊല്ലേണ്ടിവന്നാൽ പോലും കൊല്ലുക, എന്നാലും കത്ത് പോകാൻ അനുവദിക്കരുത്. കത്ത് വളരെ പ്രധാനമാണ്,അത് തടയണം.' "അങ്ങനെ ഹദ്റത്ത് അലിؓഅവിടെയെത്തി. സ്ത്രീ അവിടെയുണ്ടായിരുന്നു. അവൾ കരയാൻ തുടങ്ങി. താനൊരു രാജ്യദ്രോഹിയോ വഞ്ചകിയോ ആണോ എന്ന് ചോദിച്ച് സത്യം ചെയ്തു. 'നിങ്ങൾ പരിശോധിച്ചോളൂ' എന്നവൾ പറഞ്ഞു. അവർ അങ്ങുമിങ്ങും നോക്കി, അവളുടെ പോക്കറ്റുകൾ തപ്പി, സാധനങ്ങൾ പരിശോധിച്ചു. എന്നാൽ, കത്ത് കണ്ടില്ല. സ്വഹാബിമാർ പറഞ്ഞു, 'കത്ത് അവളുടെ അടുത്ത് ഇല്ലെന്നാണ് തോന്നുന്നത്.' ഹദ്റത്ത് അലിؓയ്ക്ക് കോപം വന്നു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ മിണ്ടാതിരിക്കുക!' ആവേശത്തോടെ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണെ സത്യം! നബിﷺതിരുമേനി ഒരിക്കലും കളവ് പറയുകയില്ല.' അങ്ങനെ അദ്ദേഹം ആ സ്ത്രീയോടു പറഞ്ഞു: 'മുഹമ്മദു റസൂലുല്ലാഹ്ﷺപറഞ്ഞു, നിന്റെ പക്കൽ കത്തുണ്ടെന്ന്.' അല്ലാഹുവാണെ സത്യം! ഞാൻ കള്ളം പറയുകയല്ല.' എന്നിട്ട് അദ്ദേഹം വാൾ ഊരിപ്പിടിച്ച് പറഞ്ഞു: ഒന്നുകിൽ കത്ത് പുറത്തെടുക്കുക, അല്ലെങ്കിൽ ഓർമിക്കുക, നിന്നെ വിവസ്ത്രയാക്കി പരിശോധിക്കേണ്ടിവന്നാൽപ്പോലും ഞാനത് ചെയ്തിരിക്കും. കാരണം നബിﷺതിരുമേനി സത്യമാണ് പറഞ്ഞിട്ടുള്ളത്. നീ പറയുന്നത് കളവാണ്.' അവളെ വിവസ്ത്രയാക്കുമെന്ന് ഭീഷണിപ്പെടുത്തിയപ്പോൾ അവൾ ഭയന്നു. അവൾ ഉടൻതന്നെ തന്റെ പിന്നിക്കെട്ടിയ മുടി അഴിച്ചു. ആ മുടിക്കുള്ളിൽ അവൾ കത്ത് ഒളിപ്പിച്ചിരുന്നു. അത് അവൾ പുറത്തെടുത്ത് നൽകി."*(സയ്റെ റൂഹാനി(7), അൻവാറുൽഉലൂം വാല്യം 24, പേജ് 262-263)*. തലമുടിയ്ക്കുള്ളിൽ ഒളിപ്പിച്ചുവെച്ചിരിക്കുകയായിരുന്നു അത്.

ഏതായാലും, അതിനുശേഷം നബിﷺതിരുമേനി യാത്ര ആരംഭിച്ചു. നബിﷺതിരുമേനി മദീനയിൽ നിന്ന് പുറപ്പെട്ടതിനെക്കുറിച്ച് എഴുതിയിരിക്കുന്നു: അവിടന്ന് ഹദ്റത്ത് അബൂറുഹ്മ് ബിൻ ഹുസ്വയ്ൻ ഗിഫാരിയെ മദീനയിൽ തന്റെ പ്രതിനിധിയായി നിയമിച്ചു. ഇബ്നു ഇസ്ഹാഖിന്റെ അഭിപ്രായമനുസരിച്ച്, റമളാനിലെ പത്ത് ദിവസം കഴിഞ്ഞ ശേഷമാണ് അവിടന്ന് മുഹാജിറുകളും, അൻസ്വാറും, അറബ് ഗോത്രക്കാരുമൊപ്പം പുറപ്പെട്ടത്. എന്നാൽ, മുസ്നദ് അഹ്മദിലെ ഒരു റിപ്പോർട്ടനുസരിച്ച്, അവിടന്ന് റമളാൻ രണ്ടിനാണ് മദീനയിൽനിന്ന് പുറപ്പെട്ടത്. ബുഖാരിയുടെ വ്യാഖ്യാതാവ് അല്ലാമ ഇബ്നു ഹജർ റമളാൻ രണ്ടിനുള്ള റിപ്പോർട്ടിനാണ് മുൻഗണന നൽകിയിരിക്കുന്നത്. ഏതായാലും, ഈ യാത്രയിൽ കുറച്ചുപേർ കുതിരപ്പുറത്തും കുറച്ചുപേർ ഒട്ടകപ്പുറത്തുമായിരുന്നു യാത്ര ചെയ്തിരുന്നത്.*(ഫത്ഹുൽബാരി വാല്യം 8, പേജ് 4, ഖദീമീ കുതുബ് ഖാന ആരാം ബാഗ് കറാച്ചി) (സുബുലുൽഹുദാ വാല്യം 5, പേജ് 212, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സീറത്ത് ഇബ്നു ഇസ്ഹാഖ് പേജ് 570, അൽമക്തബത്തുൽ അസ്രിയ്യ ബെയ്റുത്ത്)*

നബിﷺതിരുമേനിയുടെ നേതൃത്വത്തിൽ മദീനയിൽനിന്ന് സൈന്യം പുറപ്പെട്ടപ്പോൾ ഏകദേശം 7,400 ധീരരായ പോരാളികൾ അതിലുണ്ടായിരുന്നു. ബനൂ അസദ്, സുലയിം തുടങ്ങിയ വിവിധ ഗോത്രങ്ങൾ ചേർന്നതോടെ ഈ എണ്ണം വർധിച്ചു. മക്കയിലേക്കുള്ള വഴിയിൽ സഞ്ചരിക്കുമ്പോൾ ഇത് പതിനായിരം വരെയായി. നബിﷺതിരുമേനി സ്വുൽസ്വുൽ എന്ന സ്ഥലത്തെത്തി, അത് ദുൽഹുലയ്ഫകഴിഞ്ഞ് കയറ്റത്തിൽ ബയ്ദാഅ് എന്ന സ്ഥലത്തിന്റെ യടുത്തുള്ള ഒരു മലയായിരുന്നു. നബിﷺതിരുമേനി ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമിനെ ഇരുന്നൂ

റ് കുതിരപ്പടയാളികളോടൊപ്പം മുമ്പേ അയച്ചു.

ചില ഗ്രന്ഥങ്ങളിൽ ഈ സൈന്യത്തിന്റെ എണ്ണം പന്ത്രണ്ടായിരമെന്നും പറയുന്നുണ്ട്. എന്നാൽ, ഭൂരിഭാഗം റിപ്പോർട്ടുകളും പതിനായിരമാണെന്ന് പറയുന്നു. അതാണ് കൂടുതൽ ശരിയായി മനസ്സിലാകുന്നതും.*(അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 110, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഫത്ഹെ മക്ക, ബാശമീൽ പേജ് 145-146, നഫീസ് അക്കാഡമി കറാച്ചി) (ത്വബഖാത്തുൽ കുബ്റാ വാല്യം 2, പേജ് 102, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഫർഹങ്കെ സീറത്ത് പേജ് 174, സവാർ അക്കാഡമി കറാച്ചി)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഈ സംഭവം ഇപ്രകാരം വിവരിച്ചിരിക്കുന്നു:'ഈ സമയത്ത്, നബി ﷺതിരുമേനി മുസ്‌ലിം ഗോത്രങ്ങളിലേക്ക് നാലുപാടും ദൂതന്മാരെ അയച്ചു. മുസ്‌ലിം ഗോത്രങ്ങൾ തയ്യാറാണെന്നും മക്കയിലേക്ക് പുറപ്പെടുമ്പോൾ വഴിയിൽ കൂടെചേരുമെന്നും വിവരം ലഭിച്ചപ്പോൾ, അവിടന്ന് മദീനയിലെ ആളുകളോടു ആയുധമണിയാൻ കൽപ്പിച്ചു. ക്രിസ്ത്വാബ്ദം 630 ജനുവരി 1, അതായത് ഹിജ്റ എട്ടാം വർഷം റമളാൻമാസം 10-ന്, ഈ സൈന്യം മദീനയിൽനിന്ന് യാത്ര തിരിച്ചു. വഴിയിൽ നാലുപാടുനിന്നും മുസ്‌ലിംഗോത്രങ്ങൾവന്ന് സൈന്യത്തിൽ ചേർന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓറമളാൻ-10 തന്നെയാണ് എഴുതിയിട്ടുള്ളത്. ഏതാനും ദിവസത്തെ യാത്രയ്ക്കുശേഷം, സൈന്യം ഫാറാൻ വനത്തിൽ പ്രവേശിച്ചപ്പോൾ, സുലയ്മാൻ നബിؑയുടെ പ്രവചനമനുസരിച്ച് അവരുടെ എണ്ണം പതിനായിരത്തിലെത്തിയിരുന്നു."*(ദീബാച്ച തഫ്സീറുൽ ഖുർആൻ-അൻവറുൽ ഉലൂം, വാല്യം 20,പേജ് 337)(കിതാബ് അത്തൗഫീഖാത്തുൽ ഇൽഹാമിയ്യ പേജ് 40, അൽമുഅസ്സസ്സത്തുൽ അറബിയാത്തുദ്ദറാസാത്ത്)*

ഈ യാത്രയിൽ നബിﷺതിരുമേനിയോടൊപ്പം അവിടത്തെ സഹധർമ്മണിമാരിൽ ഹദ്റത്ത് ഉമ്മു സലമؓഉണ്ടായിരുന്നു. ചില നിവേദനങ്ങളനുസരിച്ച്, "ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് മയ്മൂനؓ"യും കൂടെയുണ്ടായിരുന്നു.*(മഖാലാത്തെ സീറത്ത് ഡോക്ടർ മുഹമ്മദ് യാസീൻ മള്ഹർ സിദ്ദീഖീ, വാല്യം 3, പേജ് 259) (കിതാബുൽ മഗാസി വാഖ്ദി, വാല്യം 2, പേജ് 289, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ബുഖാരിയിലെ ഒരു നിവേദനത്തിൽ നബിﷺതിരുമേനിയുടെ മകൾ "ഹദ്റത്ത് ഫാത്വിമؓ" യും കൂടെയുണ്ടായിരുന്നതായി പരാമർശിക്കുന്നുണ്ട്.*(ബുഖാരി കിതാബുസ്സ്വലാത്ത് ബാബു അസ്സ്വലാത്തു ഫിഥൗബിൽ വാഹിദി മുൽത്തഹ്ഫാ ബിഹീ ഹദീഥ് 357)*

ഈ യാത്ര റമളാൻ മാസത്തിലായിരുന്നു. ആദ്യത്തെ ഏതാനും ദിവസങ്ങൾ നബിﷺതിരുമേനി നോമ്പെടുത്തതായി റിപ്പോർട്ടുകളിൽനിന്ന് മനസ്സിലാകുന്നു. എന്നാൽ, പിന്നീട് അവിടന്ന് നോമ്പെടുത്തില്ല, എന്നല്ല മറ്റു സ്വഹാബിമാരെ നോമ്പെടുക്കുന്നതിൽനിന്ന് വിലക്കുകയും ചെയ്തു. ബുഖാരിയിലുണ്ട്. ഹദ്റത്ത് ഇബ്നു അബ്ബാസ്ؓനിവേദനം: 'റസൂലുല്ലാഹിﷺറമളാനിൽ മക്കാ വിജയത്തിന് പുറപ്പെട്ടു. റസൂലുല്ലാഹ്ﷺനോമ്പുപിടിച്ചിരുന്നു. ഖുദയ്ദിനും ഉസ്ഫാനും ഇടയിലുള്ള കദീദ് അരുവിയിലെത്തുന്നതുവരെ. അത് മക്കയിൽനിന്ന് ഏകദേശം 42 മൈൽ അകലെയാണ്. അവിടെവെച്ച് നബിﷺതിരുമേനി നോമ്പ് മുറിച്ചു, പിന്നീട് ആ മാസം കഴിയുന്നതുവരെ അവിടന്ന് നോമ്പെടുത്തില്ല.' ബുഖാരിയിൽ ഈ നിവേദനമുണ്ട്. *(ബുഖാരി കിതാബുൽമഗാസി, ബാബു ഗസ്‌വത്തുൽ ഫത്ഹി ഫീ റമളാന ഹദീഥ് 4275)(ശറഹ് അസ്സർഖാനീ അലൽമവാഹിബില്ലദുന്നിയ വാല്യം 3 പേജ് 332, ദാറുൽകുതുബുൽഇൽമിയ്യ 1996)*

ബുഖാരിയിലെ മറ്റൊരു നിവേദനത്തിൽ, അത് ഇബ്നു അബ്ബാസ്ؓൽ നിന്നുതന്നെയാണ്: 'നബിﷺതിരുമേനി റമളാൻ മാസത്തിൽ മദീനയിൽനിന്ന് പുറപ്പെട്ടു, നബിﷺതിരുമേനിയോടൊപ്പം പതിനായിരം പേരടങ്ങുന്ന സൈന്യവുമുണ്ടായിരുന്നു. ഇത് അവിടന്ന് മദീനയിൽ വന്നതിനുശേഷം എട്ടര വർഷം കഴിഞ്ഞാണ് നടന്നത്. നബിﷺതിരുമേനി മക്കയിലേക്ക് പുറപ്പെട്ടു. നബിﷺതിരുമേനിയും നബിﷺതിരുമേനിയുടെ കൂടെ ഉണ്ടായിരുന്ന മുസ്‌ലിമീങ്ങളും നോമ്പെടുത്തിരുന്നു. ഉസ്ഫാനും ഖുദയ്ദിനുമിടയിലുള്ള നീരുറവയായ കദീദ് എന്ന സ്ഥലത്തെത്തുകയും അവിടെവെച്ച് നോമ്പു മുറിക്കുകയും ചെയ്തു. മറ്റുള്ളവരും നോമ്പ് മുറിച്ചു.'*(ബുഖാരി കിതാബുൽമഗാസി ബാബു ഗസ്‌വത്തുൽ ഫത്ഹി ഫീ റമളാന ഹദീഥ് 4276)*

ഈ വിഷയത്തെക്കുറിച്ച് ബുഖാരിയുടെ വ്യാഖ്യാതാവ് അല്ലാമ ഇബ്നു ഹജർ പറയുന്നു: നബിﷺതിരുമേനി മദീനയിൽനിന്ന് പുറപ്പെട്ട അതേ ദിവസംതന്നെ നോമ്പ് മുറിച്ചു എന്ന ധാരണ ശരിയല്ല, കാരണം മദീനയ്ക്കും കദീദിനും ഇടയിൽ ദിവസങ്ങൾ നീണ്ട യാത്രയുണ്ടായിരുന്നു. *(ഫത്ഹുൽബാരി വാല്യം 4, പേജ് 227,കിതാബുസ്സൗം, ബാബു ഇദാ സ്വാമ അയ്യാമൻ മിൻ റമളാന ഥുമ്മ സാഫിർ.ഖദീമീ കുതുബുഖാന ആരാം ബാഗ് കറാച്ചി)*

നബിﷺതിരുമേനി എവിടെവെച്ചാണ് സ്വഹാബിമാരോടൊപ്പം നോമ്പ് മുറിച്ചതെന്നതിനെക്കുറിച്ച് നിവേദനങ്ങളിൽ വ്യത്യസ്ത സ്ഥലങ്ങൾ പരാമർശിക്കപ്പെടുന്നുണ്ട്. ഈ കാര്യം വ്യക്തമാക്കിക്കൊണ്ട് ബുഖാരിയുടെ വ്യാഖ്യാതാവ് അല്ലാമ ഐനി എഴുതുന്നു: 'ഇതിന് കൂടുതൽ വിശദീകരണമുണ്ട്. ചിലർ പറയുന്നത് കദീദിൽ വെച്ചു നോമ്പ് മുറിച്ചു എന്നാണ്.' നബിﷺതിരുമേനി ഈ യാത്രയിൽ എവിടെ വെച്ചാണ് നോമ്പ് മുറിച്ചതെന്നതിനെക്കുറിച്ച് നിവേദനങ്ങളിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. അല്ലാമ ഐനിയുടെ അഭിപ്രായത്തിൽ, ചിലർ കദീദിന് പകരം ഉസ്ഫാൻ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്, ചിലർ ഖുറാഉൽ-ഗമീം എന്ന് എഴുതുന്നു, ചിലർ ഖുദയ്ദ് എന്ന് എഴുതുന്നു. ഖാളി അയാസ് ഈ വിഷയത്തിൽ പറയുന്നു, നബിﷺതിരുമേനി നോമ്പ് മുറിച്ച സ്ഥലത്തെക്കുറിച്ച് റിപ്പോർട്ടുകളിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും, ഈ എല്ലാ റിപ്പോർട്ടുകളിലും ഒരേ സംഭവമാണ് വിവരിക്കുന്നത്, ഈ സ്ഥലങ്ങളെല്ലാം പരസ്പരം അടുത്താണ്, ഇവയെല്ലാം ഉസ്ഫാൻ പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്.*(ഉംദത്തുൽ ഖാരി, വാല്യം 11, പേജ് 68, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

നബിﷺതിരുമേനി ഉർജിൽനിന്ന് യാത്ര പുറപ്പെട്ടപ്പോൾ വഴിയിൽ ഒരു പെൺപട്ടിയെ കണ്ടു. അതിന്റെ കുഞ്ഞുങ്ങൾ പാലു കുടിക്കുകയായിരുന്നു. ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

മൃഗങ്ങളോടുള്ള ദയയുടെ ഒരു സംഭവം കൂടിയാണിത്. നബിﷺതിരുമേനി ജുഹയ്ൽ ബിൻ സുറാഖയോട് അതിന്റെ മുന്നിൽ കാവൽനിൽക്കാൻ പറഞ്ഞു; അത് ഇരിക്കുന്നിടത്ത് നിൽക്കാൻ. അങ്ങനെ സൈന്യത്തിലുള്ള ആരും അതിനെയോ അതിന്റെ കുഞ്ഞുങ്ങളെയോ ബുദ്ധിമുട്ടിക്കാതിരിക്കാനായിരുന്നു അങ്ങനെ ചെയ്തത്.

നബിﷺതിരുമേനി ചാരന്മാരെ പിടികൂടാൻ മുസ്‌ലിം സൈന്യത്തിന്റെ മുന്നിൽ കുതിരപ്പടയാളികളുടെ ഒരു സംഘത്തെ അയച്ചിരുന്നു. ബനൂഖുസാഅ് ഗോത്രക്കാരും വഴിയിലൂടെ ആരെയും പോകാൻ അനുവദിച്ചിരുന്നില്ല. മറ്റൊരു ഗോത്രവും തടഞ്ഞിരുന്നു. നബിﷺതിരുമേനി അയച്ച സംഘം ഹവാസിൻ ഗോത്രത്തിൽപ്പെട്ട ഒരു ചാരനെ പിടിച്ചുകൊണ്ടുവന്നു. നബിﷺതിരുമേനി അയാളോടു ചോദിച്ചപ്പോൾ അയാൾ പറഞ്ഞു:'ഹവാസിൻ ഗോത്രക്കാർ നിങ്ങൾക്കുവേണ്ടി സംഘടിക്കുകയാണ്.'

നബിﷺതിരുമേനി പറഞ്ഞു: 'അല്ലാഹു ഞങ്ങൾക്കു മതിയായവനാണ് അവനേറ്റവും നല്ല സഹായിയാണ്.'

ആ ചാരൻ മുന്നോട്ടുപോയി ആളുകൾക്ക് മുന്നറിയിപ്പ് നൽകാതിരിക്കാൻ ഹദ്റത്ത് ഖാലിദ് ബിൻ വലീദിനോട് അയാളെ തടഞ്ഞുവെക്കാൻ നബിﷺതിരുമേനി കൽപ്പിച്ചു. നബിﷺതിരുമേനി ഖുദയ്ദിലെ ത്തിയപ്പോൾ, ആയിരം പേരുണ്ടായിരുന്ന ബനൂസുലയിം ഗോത്രക്കാർ നബിﷺതിരുമേനിയോടൊപ്പം ചേർന്നു. ഇവിടെ നബിﷺതിരുമേനി പതാകകളും കൊടികളും തയ്യാറാക്കുകയും അവ ഗോത്രങ്ങൾക്കിടയിൽ വിതരണം ചെയ്യുകയും ചെയ്തു. ഖുദയ്ദ് മൈതാനത്ത് നബിﷺതിരുമേനിയുടെ സൈന്യം വിവിധഗോത്രങ്ങളുടെ അടിസ്ഥാനത്തിൽ ഒരുങ്ങിനിന്നു. ഓരോ ഗോത്രത്തിന്റേയും സൈന്യത്തിന് അതേ ഗോത്രത്തിൽപ്പെട്ട ഒരാളെ നേതാവായി നിയമിച്ചു. നബിﷺതിരുമേനി അൻസ്വാറിനെ അവരുടെ ഗോത്ര കുടുംബങ്ങളുടെ അടിസ്ഥാനത്തിൽ പന്ത്രണ്ട് വിഭാഗമായി വിഭജിച്ചു. ആറ് വിഭാഗം ഔസ് ഗോത്രത്തിൽ നിന്നും ആറ് വിഭാഗം ഖസ്റജ് ഗോത്രത്തിൽ നിന്നും. മുഹാജിറുകൾക്ക് മൂന്ന് പതാകകളുണ്ടായിരുന്നു, അവ ഹദ്റത്ത് അലി ബിൻ അബീ ത്വാലിബ്, ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം, ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് എന്നിവരുടെ

കൈകളിലായിരുന്നു.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 212 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഫത്ഹെ മക്ക, ബാശമീൽ, പേജ് 167-175, നഫീസ് അക്കാഡമി കറാച്ചി)(ദാഇറയെ മആരിഫ് മുഹമ്മദു റസൂലല്ലാ ഹിﷺവാല്യം 9, പേജ് 79, ബസം ഇഖ്ബാൽ ലാഹോർ)(സീറത്ത് എൻസൈക്ലോപീഡിയ വാല്യം 9, പേജ് 133, ദാറുസ്സലാം രിയാള് 1435 ഹിജ്റ)(ഫതഹുൽബാരീ വാല്യം 8, ഖദീമീകുതുബ് ഖാന ആരാംബാഗ് കറാച്ചി)*

ഈ സൈനിക നീക്കത്തിനിടെ, അബൂ സുഫിയാൻ ബിൻ ഹാരിഥും (ഇദ്ദേഹം അബൂ സുഫിയാൻ ബിൻ ഹർബല്ല, മറ്റൊരു അബൂ സുഫിയാനാണ്) അബ്ദുല്ലാഹ് ബിൻ അബീ ഉമയ്യയും ഇസ്‌ലാം മതം സ്വീകരിച്ച ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. നബിﷺതിരുമേനിയുടെ പിതൃസഹോദര പുത്രനും മുലകുടി ബന്ധത്തിലുള്ള സഹോദരനുമായ അബൂ സുഫിയാൻ ബിൻ ഹാരിഥ്, തന്റെ മകൻ ജഅ്ഫറിനോടും അബ്ദുല്ലാഹ് ബിൻ അബീ ഉമയ്യ ബിൻ മുഗീറയോടുംകൂടി മക്കയിൽ നിന്ന് പുറപ്പെട്ടു. മക്കയ്ക്കും മദീനയ്ക്കുമിടയിലുള്ള ഥനിയത്തുൽ ഇഖാബ് എന്ന സ്ഥലത്തുവെച്ച് അവർ നബിﷺതിരുമേനിയെ കണ്ടുമുട്ടി. ഇവരിരുവരും നബിﷺതിരുമേനിയുടെ കടുത്ത ശത്രുക്കളായിരുന്നതുകൊണ്ട്, നേരിട്ട് നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരാകാൻ അവർക്ക് ധൈര്യമുണ്ടായില്ല. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മു സലമ رضي الله عنها, അബ്ദുല്ലാഹ് ബിൻ അബീ ഉമയ്യയുടെ സഹോദരിയായിരുന്നു. അവർ നബിﷺതിരുമേനിയുടെ അടുത്തുവന്ന് അപേക്ഷിച്ചു: 'അങ്ങയുടെ പിതൃസഹോദര പുത്രൻ (അബൂ സുഫിയാൻ ബിൻ ഹാരിഥും), അങ്ങയുടെ പിതൃസഹോദരിയുടെ മകനും (അബ്ദുല്ലാഹ് ബിൻ അബീ ഉമയ്യയും) അങ്ങയെ കാണാനാഗ്രഹിക്കുന്നു.' നബിﷺതിരുമേനി പ്രതിവചിച്ചു: 'എനിക്ക് അവരെ കാണേണ്ട ഒരു ആവശ്യവുമില്ല, ഞാൻ അവരെ കാണാൻ ആഗ്രഹിക്കുന്നില്ല. എന്റെ പിതൃ സഹോദര പുത്രൻ എന്നെ അപമാനിച്ച വ്യക്തിയാണ്. അയാൾ കവിയായിരുന്നു, എന്നെ ആക്ഷേപിച്ച് കവിതകൾ ചൊല്ലുമായിരുന്നു. അബ്ദുല്ലായാണെങ്കിൽ മക്കയിൽ എനിക്ക് ചെയ്യാത്തതൊന്നുമില്ല. അവർ ശത്രുതയുടെ കൊടുമുടിയിലായിരുന്നു. ഞാനെങ്ങനെ അവരെ കാണും?' നബിﷺതിരുമേനിയുടെ ഈ പ്രതികരണം അബൂ സുഫിയാൻ ബിൻ ഹാരിഥിന്റെ അടുത്തെത്തിയപ്പോൾ, അദ്ദേഹം വികാരാധീനനായി പറഞ്ഞു: 'മുഹമ്മദ്ﷺഎന്നോടു സന്തുഷ്ടനാകുന്നില്ലെങ്കിൽ, എന്നെ കാണാൻ അനുവദിക്കുന്നില്ലെങ്കിൽ, ഞാനെന്റെ ഈ കുട്ടിയേയും കൂട്ടി (അദ്ദേഹം കൂടെ കൊണ്ടുവന്ന മകനെ) മരുഭൂമിയിലേക്ക് പോകും. വിശപ്പും ദാഹവുംകൊണ്ട് മരിക്കുന്നതുവരെ അവിടെ കഴിയും.' ഈ വിവരം നബിﷺതിരുമേനിയുടെ അടുത്തെത്തിയപ്പോൾ, നബിﷺതിരുമേനി അവരെ ഇരുവരേയും വിളിപ്പിച്ചു, അവർക്ക് ദർശനം നൽകി. ഉടൻതന്നെ നബിﷺതിരുമേനിയുടെ ഹൃദയം മൃദുവായി. ഇരുവരും ഇസ്‌ലാം സ്വീകരിക്കുകയും പിന്നീട് അവരുടെ ഇസ്‌ലാം വളരെ ശ്ലാഘനീയമായിരിക്കുകയും ചെയ്തു.

അബൂ സുഫിയാൻ ബിൻ ഹാരിഥിന്റെ വിവരണം ഇതാണ്. ഞാൻ മുമ്പേയും സൂചിപ്പിച്ചതുപോലെ, ഇദ്ദേഹം മറ്റൊരാളാണ്, അബൂ സുഫിയാൻ ബിൻ ഹർബല്ല. ഇസ്‌ലാമിക ചരിത്രത്തിൽ അബൂ സുഫിയാൻ എന്ന പേരിൽ രണ്ട് വ്യക്തികൾ കൂടുതൽ അറിയപ്പെടുന്നുണ്ട്. ഒരാൾ മക്കയിലെ ഖുറയ്ശികളുടെ നേതാവായിരുന്ന അബൂ സുഫിയാൻ ബിൻ ഹർബ്. ഇയാൾ ഹദ്റത്ത് ഹംസرضي الله عنهയുടെ കരൾ ചവച്ച ഹിന്ദിന്റെ ഭർത്താവായിരുന്നു. രണ്ടാമത്തെയാൾ അബൂ സുഫിയാൻ ബിൻ ഹാരിഥ് ബിൻ അബ്ദുൽ മുത്വലിബ്. ഇദ്ദേഹം നബിﷺതിരുമേനിയുടെ പിതൃസഹോദര പുത്രനായിരുന്നു.

ചരിത്രകാരന്മാർ പേരുകളുടെ സാമ്യം കാരണം ചിലപ്പോൾ തെറ്റുധരിക്കുകയും അബൂസുഫിയാൻ ബിൻ ഹാരിഥിന് പകരം അബൂ സുഫിയാൻ ബിൻ ഹർബിനെ എഴുതുകയും ചെയ്യാറുണ്ട്.

ഉദാഹരണത്തിന്, ഹുനയ്ൻ യുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്കിടയിൽ പരിഭ്രാന്തിയുണ്ടായപ്പോൾ, അബൂ സുഫിയാൻ, നബിﷺതിരുമേനിയുടെ കോവർ കഴുതയുടെ കടിഞ്ഞാൺ പിടിച്ച് അവിടത്തോടൊപ്പം നിന്നിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നബിﷺതിരുമേനിയുടെ കോവർ കഴുതയുടെ കടിഞ്ഞാണോ കയറോ പിടിച്ച് നബിﷺതിരുമേനിയുടെ കൂടെ അബൂ സുഫിയാൻ നിന്നിരുന്നു. ചില ചരിത്രകാരന്മാർ ഇവിടെ അബൂസുഫിയാൻ ബിൻ ഹർബാണെന്ന് വ്യാഖ്യാനിക്കുമ്പോൾ, അതേ ചരിത്രകാരന്മാർതന്നെ പറയുന്നു അത് അബൂസുഫിയാൻ ബിൻ ഹർബ് ആയിരുന്നില്ല, മറിച്ച് അബൂ സുഫിയാൻ ബിൻ ഹാരിഥ് ആയിരുന്നുവെന്ന്. ഇദ്ദേഹം നബിﷺതിരുമേനിയുടെ മുലകുടി ബന്ധത്തിലുള്ള സഹോദരൻ കൂടിയായിരുന്നു, കാരണം ഹലീമ സഅ്ദിയ ഇദ്ദേഹത്തിനും മുലകൊടുത്തിരുന്നു. നബിﷺതിരുമേനിയോട് അദ്ദേഹത്തിന് വലിയ സ്നേഹമുണ്ടായിരുന്നു, എന്നാൽ, നബിﷺതിരുമേനി പ്രവാചകത്വം പ്രഖ്യാപിച്ചപ്പോൾ അദ്ദേഹം കടുത്ത എതിരാളിയും വിരോധിയുമായി മാറി. അദ്ദേഹം മക്കയിലെ വലിയ കവികളിൽ ഒരാളായി കണക്കാക്കപ്പെട്ടു, ഈ എതിർപ്പുകാരണം നബിﷺതിരുമേനിയെ അപകീർത്തിപ്പെടുത്തുന്ന ധാരാളം ആക്ഷേപഹാസ്യ കവിതകൾ അദ്ദേഹം രചിച്ചു. ഹദ്റത്ത് ഹസ്സാൻ ബിൻ ഥാബിത്ത്رضي الله عنهഅദ്ദേഹത്തിന്റെ ആക്ഷേപഹാസ്യങ്ങൾക്ക് മറുപടി നൽകുമായിരുന്നു. 'അബൂ സുഫിയാനെ ഈ വിവരം അറിയിക്കുക' എന്ന് വരുന്നിടത്തെല്ലാം സാധാരണയായി അബൂ സുഫിയാൻ ബിൻ ഹാരിഥിനെയാണ് ഉദ്ദേശിച്ചിരുന്നത്. താരീഖുൽഖുമയ്സ് എന്ന ഗ്രന്ഥത്തിലുണ്ട്. അബൂ സുഫിയാൻ നബി ﷺ തിരുമേനിയുടെ സന്നിധിയിൽ ഹാജരായി പറഞ്ഞു:**തല്ലാഹി ലഖദ് ആഥറക്കല്ലാഹു അലയ്നാ വഇൻകുന്നാ ലഖാതിഈൻ** അല്ലാഹവാണെ സത്യം! തീർച്ചയായും അല്ലാഹു നിന്നെ ഞങ്ങളെക്കാൾ ഉത്കൃഷ്ടനായി തിരഞ്ഞെടുത്തിരിക്കുന്നു. തീർച്ചയായും ഞങ്ങൾ കുറ്റക്കാരായിരുന്നു.(12:92)

അപ്പോൾ നബിﷺതിരുമേനി അബൂസുഫിയാനോടു പറഞ്ഞു: **ലാ തഥ്‌രീബ അലയ്ക്കുമുൽ യൗം യഗ്ഫിറുല്ലാഹു ലക്കും വഹുവ അർഹമുർറാഹിമീൻ.** നബിﷺതിരുമേനി പറഞ്ഞു: 'ഇന്ന് നിങ്ങളുടെ പേരിൽ ഒരു കുറ്റാരോപണവുമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരും. അവൻ കാരുണ്യവാന്മാരിൽ വെച്ച് ഏറ്റവുമധികം കരുണചെയ്യുന്നവനാണ്.'(12:93)നിവേദനമനുസരിച്ച് ഹദ്റത്ത് അലി رضي الله عنه ആയിരുന്ന അബൂ സുഫിയാനോട് ഈ വാക്കുകൾ പറഞ്ഞുകൊണ്ട് നബിﷺതിരുമേനിയുടെ അടുത്തുപോയി മാപ്പ് ചോദിക്കാൻ നിർദ്ദേശിച്ചത്. നബി ﷺതിരുമേനിയുടെ അടുത്ത് ഹാജരായപ്പോൾ ലജ്ജയും വിനയവും കാരണം അബൂസുഫിയാൻ തല ഉയർത്തിയില്ലെന്നും നിവേദനങ്ങളിലുണ്ട്. ചുരുക്കത്തിൽ, മുമ്പേ നബിﷺതിരുമേനിയെ ആക്ഷേപിച്ച് കവിതകളെഴുതിയിരുന്ന അബൂ സുഫിയാൻ ബിൻ ഹാരിഥ് رضي الله عنه, ഇസ്‌ലാം സ്വീകരിച്ചതിനുശേഷം, അവിടത്തോടുള്ള സ്നേഹവും ഭക്തിയും നിറഞ്ഞ കവിതകളാണ് രചിച്ചത്. ഇസ്‌ലാം സ്വീകരിച്ച ശേഷം അദ്ദേഹം നബി ﷺതിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് ഒരു ഖസീദ എഴുതിയിരുന്നു.

നബിﷺതിരുമേനിയുമായി രൂപസാദൃശ്യമുള്ള ചുരുക്കം ചില ആളുകളിൽ ഒരാളായിരുന്നു അബൂ സുഫിയാൻ ബിൻ ഹാരിഥ്رضي الله عنه.

നബി ﷺതിരുമേനി അദ്ദേഹ


**• ഹദീഥുന്നബ്‌വിﷺ •**

**"അസ്സ്വബ്റു രിളൻ."**
**വിധിയിൽ തൃപ്തിപ്പെടുന്നതിനാണ് ക്ഷമ എന്നു പറയുന്നത്.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

**"അൽമത്ഊനു ശഹീദുൻ."**
**പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

ത്തിന് സ്വർഗ്ഗം വാഗ്ദാനം ചെയ്തു. മികച്ച സ്വഹാബിമാരുടെ കൂട്ടത്തിൽ അദ്ദേഹം എണ്ണപ്പെട്ടു. അദ്ദേഹത്തിന്റെ ഇസ്‌ലാം സ്വീകരണത്തിനുശേഷമുള്ള ജീവിതം വളരെ ശ്രേഷ്ഠകരമായിരുന്നു. വഫാത്തിനു മൂന്നു ദിവസം മുമ്പേ അദ്ദേഹം തന്റെ ഖബ്ർ സ്വയം കുഴിച്ചു. വഫാത്തിന്റെ സമയം അടുത്തപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്നെച്ചൊല്ലി കരയരുത്, കാരണം ഞാൻ ഇസ്‌ലാം സ്വീകരിച്ചതിനുശേഷം എന്നെ ഒരു പാപവും കളങ്കപ്പെടുത്തിയിട്ടില്ല.'

നബി ﷺതിരുമേനി വഫാത്തായപ്പോൾ അദ്ദേഹം ഹൃദയസ്പർശിയായ ഒരു വിലാപകാവ്യം രചിച്ച് തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചു. അതിലെ ഏതാനും വരികളുടെ തർജമ താഴെ നൽകുന്നു:

'എന്റെ രാത്രി അവസാനിക്കാത്തതുകൊണ്ട് ഞാൻ വളരെ അസ്വസ്ഥനാണ്. ദുരിതത്തിലായ ഒരാളുടെ രാത്രി നീണ്ടതായിരിക്കും. കരച്ചിൽ എനിക്ക് ആശ്വാസം നൽകി. മുസ്‌ലിമീങ്ങൾക്ക് നേരിട്ട ദുരിതവുമായി താരതമ്യം ചെയ്യുമ്പോൾ ഈ കരച്ചിൽ ഒന്നുമല്ല. അല്ലാഹുവിന്റെ റസൂൽﷺ വഫാത്തായ ആ സന്ധ്യയിൽ ഞങ്ങളുടെ ദുരന്തം കൂടുതൽ വലുതായി. ഈ ദുരന്തം കാരണം ഞങ്ങളുടെ ഭൂമി ഞങ്ങളോടൊപ്പം അടിമേൽ മറിയാൻ സാധ്യതയുണ്ട്.'

പിന്നെ അദ്ദേഹം എഴുതുന്നു: 'നബി ﷺതിരുമേനിയുടെ വഫാത്ത് കാരണം ദിവ്യവെളിപാട് നിലച്ചു. ജിബ്‌രീൽؑ രാവിലെയും വൈകുന്നേരവും കൊണ്ടുവന്നിരുന്ന ഖുർആൻ അവതരിക്കുന്നത് നിന്നു. ഹദ്റത്ത് ഫാത്വിമؓയെ അഭിസംബോധന ചെയ്തുകൊണ്ട് ഒരു വരിയിൽ അദ്ദേഹം പറയുന്നു: 'ഓ ഫാത്വിമാ, ഈ സന്ദർഭത്തിൽ നീ കരയുകയാണെങ്കിൽ നിന്റെ കരച്ചിൽ ന്യായമാണ്. കരയുന്നില്ലെങ്കിൽ അതാണ് ശരിയായ മാർഗ്ഗം. അതിനാൽ, നീ ക്ഷമയിൽ അഭയം തേടുക, കാരണം അതിൽ അല്ലാഹുവിൽനിന്ന് മഹത്തായ പ്രതിഫലമുണ്ട്. നിന്റെ പിതാവ് റസൂലുല്ലായുടെ ﷺ മഹത്ത്വങ്ങൾ വർണ്ണിക്കുക, പ്രശംസിച്ചുകൊണ്ടിരിക്കുക. കാരണം ആ മഹാത്മാവിനെ എത്ര പ്രശംസിച്ചാലും അത് ആ മഹാത്മാവിന്റെ മഹത്വത്തിന്റെ സമ്പൂർണമായ വിവരണമാകുകയില്ല."

ഈ ഖസീദയിൽ അദ്ദേഹം പറയുന്നു:

**'ഫഖബ്റുൻ അബീക്ക സയ്യിദു കുല്ലി ഖബ്റിൻ**
**വ ഫീഹി സയ്യിദുന്നാസിർറസൂലു'**

ഓ ഫാത്വിമാ, നിന്റെ പിതാവിന്റെ ഖബ്ർ എല്ലാ ഖബറുകളുടെയും നേതാവാണ്. കാരണം അതിൽ മനുഷ്യരുടെയെല്ലാം നേതാവായ നബിﷺതിരുമേനി അടങ്ങിയിരിക്കുന്നു.' ഹദ്റത്ത് അബൂ സുഫിയാൻ ബിൻ ഹാരിഥ്ؓ ഹിജ്റ 15-ലോ 20-ലോ ആണ് വഫാത്തായത്. ഹദ്റത്ത് ഉമർؓഅദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു.

രണ്ടാമത്തേത് അബ്ദുല്ലാഹ് ബിൻ അബൂ ഉമയ്യയായിരുന്നു. അദ്ദേഹത്തെ കുറിച്ച് ലഘുവിവരണം. അദ്ദേഹത്തിന്റെ പേര് ഹുദയ്ഫ എന്നും അറിയപ്പെടുന്നുണ്ട്. അദ്ദേഹം നബിﷺതിരുമേനിയുടെ പിതൃസഹോദരി ആത്തിക്കയുടെ മകനായിരുന്നു. ഈ ബന്ധത്തിൽ നബിﷺതിരുമേനിയുടെ പിതൃസഹോദരീപുത്രനുമായിരുന്നു. കൂടാതെ, ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മു സലമؓയുടെ സഹോദരനുമായിരുന്നു. നബിﷺതിരുമേനി പ്രവാചകത്വം പ്രഖ്യാപിച്ചപ്പോൾ, ഈ വ്യക്തി നബിﷺതിരുമേനിയുടെ കടുത്ത വിരോധിയായി മാറുകയും എതിർക്കുന്നവരിൽ മുൻപന്തിയിൽ നിൽക്കുകയും ചെയ്തു. വിശുദ്ധ ഖുർആനിൽ ഇപ്രകാരം വന്നിരിക്കുന്നു:വ ഖാലൂ ലൻനുഅ്മിനലക്ക ഹത്താ തഫുജുറലനാ മിനൽ അർളി യൻബൂആ 'അവർ പറഞ്ഞു: 'നീ ഞങ്ങൾക്കുവേണ്ടി ഭൂമിയിൽനിന്ന് ഒരു ഉറവ ഒഴുക്കിക്കാണിച്ചുതരുന്നതുവരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേ ഇല്ല.' (17:91)ഈ വാക്കുകൾ പറഞ്ഞത് അബ്ദുല്ലാ ബിൻ അബീ ഉമയ്യയായിരുന്നുവെന്ന് പറയപ്പെടുന്നുണ്ട്. എന്നാൽ, ഇസ്‌ലാം സ്വീകരിച്ചതിനുശേഷം അദ്ദേഹം ഹുനയ്ൻ യുദ്ധത്തിൽ അതീവ ധീരതയോടെ പങ്കെടുത്തു. ത്വാഇഫ് യുദ്ധത്തിൽ ഒരു അമ്പേറ്റ് അദ്ദേഹം ശഹാദത്ത് വരിച്ചു.*(ഉസുദുൽഗാബ വാള്യം 6, പേജ് 141-143, വാള്യം 3, പേജ് 176 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)(താരീഖുൽഖുമയ്സ് വാള്യം 2, പേജ് 474, ദാറുസ്വാദിർ ബെയ്റുത്ത്)(അൽ ഇസ്തീആബ് വാള്യം 3, പേജ് 868, ദാറുൽജീൽ ബെയ്റുത്ത്)(ശറഹ് അല്ലാമ സർഖാനീ വാള്യം 3 പേജ് 399-401, ദാറുൽകുതുബുൽഇൽമിയ്യ)(സ്വഹീഹുൽ ബുഖാരി കിതാബുൽമഗാസി ബാബു ഖൗലുല്ലാഹിത്തആല വയൗമ ഹുനയ്ൻ....ഹദീഥ് 4317)*

ഈ യുദ്ധനടപടിയിൽ ഹദ്റത്ത് അബ്ബാസ്ؓഇസ്‌ലാമികസൈന്യത്തിൽ പങ്കെടുത്തതിനെക്കുറിച്ച് എഴുതിയിരിക്കുന്നു:'നബിﷺതിരുമേനി മക്കയിലേക്ക് യാത്ര പുറപ്പെട്ടപ്പോൾ, ഹദ്റത്ത് അബ്ബാസ്ؓ മക്കയിൽനിന്ന് മദീനയിൽ ഹിജ്റ പോകാൻ ഒരുങ്ങുകയായിരുന്നു. ജുഹ്ഫയിൽ വെച്ച് ഹദ്റത്ത് അബ്ബാസ് ؓ, നബിﷺതിരുമേനിയെ കണ്ടുമുട്ടി. ജുഹ്ഫ മക്കയിൽനിന്ന് ഏകദേശം 76 മൈൽ അകലെയാണ് സ്ഥിതി ചെയ്യുന്നത്. ഹദ്റത്ത് അബ്ബാസ്ؓതന്റെ സാധനങ്ങൾ മദീനയിൽ അയച്ചു, എന്നിട്ട് നബിﷺതിരുമേനിയോടൊപ്പം മക്കയിലേക്ക് തിരിച്ചു യാത്ര തുടങ്ങി. *(സുബുലുൽ ഹുദാ വാള്യം 5, പേജ് 213-214, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(അർറൗളുൽമുഅ്ത്വാരി ഫീ ഖബ്റുൽ അഖ്ത്വാരി, പേജ് 156, ലബ്നാൻ 1984)*

ഹദ്റത്ത് അബ്ബാസ് ബിൻ അബ്ദുൽ മുത്വലിബ് നബിﷺതിരുമേനിയുടെ പിതൃസഹോദരനായിരുന്നു. നബിﷺതിരുമേനിയെക്കാൾ രണ്ടോ മൂന്നോ വയസ്സ് കൂടുതലായിരുന്നു അദ്ദേഹത്തിന്. തന്റെ മകൻ ഫള്ൽ ബിൻ അബ്ബാസിന്റെ പേരിൽ അബുൽഫള്ൽ എന്ന ഓമനപ്പേരിൽ അദ്ദേഹം അറിയപ്പെട്ടു. അബൂ ത്വാലിബിനുശേഷം 'സിഖായ' (ഹാജിമാർക്ക് വെള്ളം വിതരണം ചെയ്യൽ) എന്ന ചുമതല അദ്ദേഹത്തിനായിരുന്നു. അഖബയിൽവച്ച് അൻസ്വാർ ബയ്അത്ത് ചെയ്തപ്പോൾ നബിﷺതിരുമേനിയോടൊപ്പം ഹദ്റത്ത് അബ്ബാസുംؓഉണ്ടായിരുന്നു. ഹുനയ്ൻ യുദ്ധത്തിൽ അദ്ദേഹം നബിﷺതിരുമേനിയോടൊപ്പം ഉറച്ചുനിന്നു. ഹിജ്റ 32-ലോ 33-ലോ ആണ് അദ്ദേഹം വഫാത്തായത്. ഹദ്റത്ത് അബ്ബാസ് ؓഇസ്‌ലാം സ്വീകരിച്ചതിനെക്കുറിച്ച് വ്യത്യസ്ത നിവേദനങ്ങളുണ്ട്. ചിലർ പറയുന്നത് അദ്ദേഹം ഹിജ്റക്കുമുമ്പേ ഇസ്‌ലാം സ്വീകരിച്ചുവെന്നാണ്. ചിലർ ബദ്ർ യുദ്ധത്തിനുമുമ്പേ, ചിലർ ഖയ്ബർ യുദ്ധത്തിന്നടുത്ത്, മറ്റു ചിലർ മക്കാ വിജയത്തിന് മുമ്പേ എന്നൊക്കെ പറയുന്നുണ്ട്. ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബിന്റെؓഗവേഷണ പ്രകാരം, അഖബയിൽവച്ച് നടന്ന രണ്ടാം ബയ്അത്തുവരെ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. അതിനാൽ, അഖബയുടെ രണ്ടാം ബയ്അത്തിനെക്കുറിച്ച് അദ്ദേഹം എഴുതുന്നു: 'നബിﷺതിരുമേനിയോടൊപ്പം തന്റെ പിതൃസഹോദരൻ അബ്ബാസിനെ കൂടെ കൊണ്ടുപോയിരുന്നു. അപ്പോഴും അദ്ദേഹം മുശ്‌രിക്കായിരുന്നെങ്കിലും നബിﷺതിരുമേനിയെ സ്നേഹിച്ചിരുന്നു.' ഏറ്റവും സാധ്യതയുള്ളത് ഹദ്റത്ത് അബ്ബാസ്ؓബദ്ർ യുദ്ധത്തിനു മുമ്പേ ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ടാവാം. എന്നിരുന്നാലും, മക്കയിൽവച്ച് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചുവെന്നും എന്നാൽ, മക്കയിലെയും മക്കക്കാരുടെയും വാർത്തകൾ നബിﷺതിരുമേനിക്ക് എത്തിച്ചുകൊടുക്കുന്നതിന് അദ്ദേഹം ഇസ്‌ലാം പരസ്യമാക്കിയിരുന്നില്ലെന്നും എല്ലാ ചരിത്രകാ

• ഹദീഥുന്നബ്‌വിﷺ •

"ലാ വസ്വിയ്യത്ത ഇല്ലാ വാരിഥിൻ."
അനന്തരാവകാശികൾക്കുവേണ്ടി
വസ്വിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വിﷺ •

"ലാ തഉദ് ഫീ സ്വദഖത്തിക്ക."
നല്കിയ ധനം തിരിച്ചു വാങ്ങരുത്.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

രന്മാരും ജീവചരിത്രകാരന്മാരും സമ്മതിക്കുന്നു. നബിﷺതിരുമേനി മക്കയിൽ താമസിക്കുന്നത് കൂടുതൽ പ്രയോജനകരമാണെന്ന് ഹദ്‌റത്ത് അബ്ബാസിؓനോട് പറഞ്ഞതായും നിവേദനങ്ങളിലുണ്ട്. *(അൽ ഇസ്തീആബ് ഫീ മഅ്‌രിഫത്തിൽ അസ്ഹാബ് വാല്യം 2, പേജ് 810-812,817)(ഉസുദുൽഗാബ വാല്യം 3, പേജ് 163-164, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റത്ത്)(സ്വഹാബയെറാംവ താബിയീൻ കി സിന്ദഗിയോംകാ തആറുഫ്, താലീഫ് മുഹമ്മദു നാസിറുദ്ദീൻ, പേജ് 588)(മുൻതഖിബ് സീറത്തെ മുസ്ത്വഫാﷺ, പ്രൊഫസർ ഡോക്ടർ അബ്ദുൽഅസീസ് ബിൻ ഇബ്റാഹീമുൽ ഉംരി പേജ് 393)(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്‌റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എؓ, പേജ് 228)*

മക്കാ ഫത്ഹിനെ സംബന്ധിച്ച് ഹദ്‌റത്ത് അബൂബക്ർؓകണ്ട ഒരു സ്വപ്നത്തെക്കുറിച്ച് ഇങ്ങനെ പറയുന്നുണ്ട്: 'ഹദ്‌റത്ത് അബൂബക്ർؓ, നബിﷺതിരുമേനിയുടെ അടുത്ത് താൻ കണ്ട സ്വപ്നം വിവരിച്ചുകൊണ്ട് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! എനിക്ക് സ്വപ്നം കാണിക്കപ്പെട്ടു. ഞാൻ സ്വപ്നത്തിൽ അങ്ങയെ കണ്ടു. നമ്മൾ മക്കയുടെ അടുത്തെത്തിയിരിക്കുന്നു. ഒരു പെൺപട്ടി നമ്മുടെ നേരെ കുരച്ചുകൊണ്ടു വന്നു. നമ്മൾ അതിനടുത്തെത്തിയപ്പോൾ അത് മലർന്നു കിടക്കുകയും അതിൽനിന്ന് പാലൊഴുകാൻ തുടങ്ങുകയും ചെയ്തു. ഇതിന് നബിﷺതിരുമേനി പറഞ്ഞു: 'ആ മക്കക്കാരുടെ ഉപദ്രവം നീങ്ങിപ്പോയി. ഉപകാരം അടുത്തായി.' അവിടന്ന് സ്വപ്നത്തെ വ്യാഖ്യാനിച്ചു. 'അവർ താങ്കളുടെ ബന്ധുത്വത്തിന്റെ പേരിൽ തങ്കളുടെ സംരക്ഷണം തേടിവരും. താങ്കൾ അവരിൽ ചിലരെ കണ്ടുമുട്ടുന്നതാണ്. പിന്നീട് നബിﷺതിരുമേനി ഹദ്‌റത്ത് അബൂബക്റിനോട് പറഞ്ഞു: 'താങ്കൾ അബൂ സുഫിയാനെ കണ്ടാൽ അയാളെ കൊല്ലരുത്.' ഇത് രണ്ടാമത്തെ അബൂസുഫിയാനാണ്.(ദലാഇലുന്നുബുവ്വ, ലിൽബയ്ഹഖ്വി, വാല്യം 5, പേജ് 48, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)

ഏതായാലും, അദ്ദേഹത്തിന്റെ സൈന്യത്തിന്റെ യാത്ര തുടർന്നു, അദ്ദേഹം മർറുള്ളഹ്റാനിൽ താവളമടിച്ചു. നബിﷺതിരുമേനിയുടെ മികച്ച സൈനിക തന്ത്രങ്ങളുടെയും പ്രാർഥനകളുടെയും ഫലമായി ഒരു വലിയ അത്ഭുതം സംഭവിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മദീനയിൽനിന്ന് പുറപ്പെട്ട പതിനായിരം വരുന്ന സൈന്യം ഏകദേശം 400 കിലോമീറ്റർ ദൂരം സഞ്ചരിച്ച് മക്കയിൽനിന്ന് കേവലം അഞ്ചുമൈൽ അകലെ താവളമടിച്ചിട്ടും, മക്കക്കാർക്ക് ഒരു വിവരവും ലഭിച്ചില്ല. നബിﷺതിരുമേനി ഇശാ നേരത്ത് മർറുള്ളഹ്റാനിൽ താവളമടിച്ചു. ഇത് മക്കയ്ക്കും ഉസ്ഫാനിനും ഇടയിൽ മക്കയിൽനിന്ന് അഞ്ചുമൈൽ അകലെയുള്ള ഒരു സ്ഥലമാണ്. നബിﷺതിരുമേനി തന്റെ സ്വഹാബിമാരോട് കൽപ്പിച്ചതനുസരിച്ച് അവർ പതിനായിരം ദീപം തെളിച്ചു. നബിﷺതിരുമേനി ഹദ്‌റത്ത് ഉമർؓനെ സൈന്യത്തിന്റെ മേൽനോട്ടത്തിന് നിയമിച്ചു. *(സുബുലുൽഹുദാ, വാല്യം 5, പേജ് 213-214, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(എൻസൈക്ലോപീഡിയ സീറത്തുന്നബിﷺ, പേജ് 188, ദാറുസ്സലാം)(മുഅ്ജമുൽ ബുൽദാൻ, വാല്യം 5, പേജ് 123,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്ؓഇസ്ലാമിക സൈന്യം മക്കയിൽ എങ്ങനെ ഒരു വിവരവും ചോരാതെ എത്തിച്ചേർന്നുവെന്ന് വിവരിക്കുന്നു. അദ്ദേഹം പറയുന്നു: 'അഹ്സാബ് യുദ്ധത്തിന്റെ ചരിത്രമൊഴിച്ചാൽ, ഇത്രയും വലിയ ഒരു സൈന്യം അറേബ്യൻ ചരിത്രത്തിൽ ഒരുങ്ങിയിട്ടില്ല. അഹ്സാബിൽ പത്തു-പന്ത്രണ്ടായിരം പേരുണ്ടായിരുന്നു. അതുകൊണ്ട് അറേബ്യൻ ചരിത്രത്തിൽ ഇത്രയും വലിയ സൈന്യത്തിന് ഇതു രണ്ടാമത്തെ ഉദാഹരണമായിരുന്നു, അത് മുസ്‌ലിമീങ്ങളുടേതായിരുന്നു. എന്നാൽ, മദീനയിൽനിന്ന് ഇത്രയും വലിയൊരു സൈന്യം പുറപ്പെട്ടിട്ടും ആരും അതറിഞ്ഞില്ല. അല്ലാഹു ഇതിലുടെ അത്ഭുതകരമായി കാണിക്കാൻ ആഗ്രഹിച്ചത് 'എന്റെ പെരുമ്പറയടിക്കുന്ന സ്ഥലത്ത് ഞാൻ പെരുമ്പറയടിക്കുന്നു. അവരുടെ പെരുമ്പറയടിക്കുന്ന സ്ഥലത്തെ ഞാൻ തകർക്കുന്നു'എന്നതായിരുന്നു. അങ്ങനെ നബിﷺതിരുമേനി പുറപ്പെട്ടപ്പോൾ അവിടന്ന് പ്രാർഥിച്ചു: 'എന്റെ അല്ലാഹുവേ, ഞാൻ നിന്നോട് പ്രാർഥിക്കുന്നു, നീ മക്കക്കാരുടെ കാതുകൾ ബധിരമാക്കേണമേ. അവരുടെ ചാരന്മാരെ അന്ധരാക്കുകയും ചെയ്യേണമേ. അവർ ഞങ്ങളെ കാണരുതേ, ഞങ്ങളുടെ ഒരു വിവരവും അവരുടെ കാതുകളിലെത്തരുതേ.' മദീനയിൽ നൂറുക്കണക്കിന് കപടവിശ്വാസികളുണ്ടായിരുന്നിട്ടും, പതിനായിരം പേരടങ്ങുന്ന സൈന്യം മദീനയിൽനിന്ന് പുറപ്പെട്ടിട്ടും ഒരു വിവരവും മക്കയിലെത്തിയില്ല."*(സയ്റെ റൂഹാനീ(7)അൻവാറുൽഉലൂം,വാല്യം 24, പേജ് 262)*

അവിടെ ഏഴായിരംപേർ മാത്രമായിരുന്നെങ്കിലും വലിയൊരു സംഘമായിരുന്നു അത്. വഴിയിൽ കൂടുതലാളുകൾ ചേർന്നുകൊണ്ടിരുന്നു. എന്നാൽ, മദീനയിലെ കപടവിശ്വാസികൾക്ക് ഒരു വിവരവുമെത്തിക്കാൻ അവർക്ക് കഴിഞ്ഞില്ല. വിവരിച്ചതുപോലെ, ഖുറയ്ശികൾക്കോ മക്കക്കാർക്കോ നബിﷺതിരുമേനിയുടെ യാത്രയെക്കുറിച്ചോ മക്കയുടെ അടുത്തെത്തിയതിനെക്കുറിച്ചോ ഒരു വിവരവും ലഭിച്ചിരുന്നില്ല. നബിﷺതിരുമേനി അവരെ ആക്രമിക്കുമെന്ന് അവർ ഭയന്നിരുന്നു. എന്നാൽ, മുസ്‌ലിമീങ്ങൾ അവരോടു യുദ്ധംചെയ്യുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നില്ല. പക്ഷേ, മക്കക്കാർ അൽപ്പം ജാഗരൂകരായിരുന്നു, രാത്രിയിൽ ചുറ്റുപാടുകൾ നിരീക്ഷിക്കാൻ അവർ പട്രോളിംഗ് നടത്താറുണ്ടായിരുന്നു. അങ്ങനെ ഒരു രാത്രി, അബൂ സുഫിയാൻ മക്കയിലെ രണ്ട് പ്രമുഖരുമായി, ഹക്കീം ബിൻ ഹിസാം, ബുദയ്ൽ ബിൻ വർഖ എന്നിവരുമായി പട്രോളിംഗ് നടത്തുകയായിരുന്നു. അവർ സൈന്യത്തിന്റെ കൂടാരങ്ങളും തീയും കണ്ടു. അത് അറഫാത്തിലെ തീപോലെയായിരുന്നു. അപ്പോൾ അവർ പരസ്പരം കണക്കുകൂട്ടി പറയാൻ തുടങ്ങി: 'ഇത് ബനൂ കഅ്ബ് അതായത് ഖുസാഅ ആയിരിക്കും. സമീപകാലത്തെ യുദ്ധം അവരെ പ്രകോപിപ്പിച്ചിട്ടുണ്ട്.' പിന്നെ അവർ തന്നെ പറഞ്ഞു: 'അവരുടെ എണ്ണം ഇത്രയില്ല, അവർക്ക് ഇത് ആകാൻ കഴിയില്ല.' പിന്നീട് അവർ പറഞ്ഞു: 'ഇത് ബനൂ ഹവാസിൻ ആയിരിക്കും.' പിന്നീട് അവർതന്നെ പറഞ്ഞു: 'അവർക്ക് ഇതാകാൻ കഴിയില്ല.' ഇങ്ങനെ അവർ ഊഹങ്ങൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അവർ കുതിരകളുടെ ചിനക്കലും ഒട്ടകങ്ങളുടെ ശബ്ദവും കേട്ടു. ഇതെല്ലാം അവരെ വല്ലാതെ ഭയപ്പെടുത്തി.*(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 213-214 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫത്ഹെമക്ക, ബാശമീൽ, പേജ് 199, നഫീസ് അക്കാഡമി കറാച്ചി)*

അവരിപ്പോൾ ഇക്കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു, നബിﷺതിരുമേനിയുടെ ചാരന്മാർ, ചുറ്റുപാടുകൾ നിരീക്ഷിച്ച് കാവൽ നിന്നിരുന്നവർ, അവരെ പിടികൂടി. നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരാക്കാൻ അവരെ കൊണ്ടുപോയി. ഒരു നിവേദനമനുസരിച്ച്, അല്ലാഹു നബിﷺതിരുമേനിക്ക് വെളിപാടിലൂടെ അബൂ സുഫിയാൻ അടുത്തെത്തുന്നതിനെക്കുറിച്ച് വിവരം നൽകിയിരുന്നു. അങ്ങനെ, ഹദ്‌റത്ത് അബൂലയ്‌ലാؓപറയുന്നു: 'ഞങ്ങൾ നബിﷺതിരുമേനിയോടൊപ്പം മർറുള്ളഹ്റാനിലായിരുന്നു. നബിﷺതിരുമേനി പറഞ്ഞു: 'അബൂ സുഫിയാൻ മക്കയുടെ അടു

• ഹദീഥുന്നബ്‌വിﷺ •

"സ്വൂമൂ തസ്വിഹ്ഹു"

നോമ്പനുഷ്ഠിക്കുക, ആരോഗ്യം നേടുക.

ത്വാലിബെ ദുആ

RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

"അൽ അയ്നു ഹഖ്വുൻ."

കണ്ണേറ് യാഥാർഥ്യമാണ്.

ത്വാലിബെ ദുആ

P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

ത്തുള്ള ഒരു താഴ്‌വരയായ അസ്‌റാഖിലുണ്ട്. അദ്ദേഹത്തെ പിടിച്ചുകൊണ്ടുവരിക.' ഞങ്ങൾ അവിടെ പോയി അദ്ദേഹത്തെ പിടികൂടി. ഇബ്നു ഉഖ്ബ രേഖപ്പെടുത്തിയിരിക്കുന്നത്, അബൂ സുഫിയാനും ഹക്കീം ബിൻ ഹിസാമിനും ബുദയ്ൽ ബിൻ വർഖക്കും വിവരം ലഭിക്കുന്നതിനു മുമ്പേ നബിﷺതിരുമേനി ചാരന്മാരായി അയച്ച സ്വഹാബിമാരുടെ സംഘം അവരെ പിടികൂടുന്നതുവരെ അവരവരുടെ ഒട്ടകങ്ങളുടെ കടിഞ്ഞാണുകൾ പിടിച്ചു. അബൂ സുഫിയാൻ തുടങ്ങിയവർ ചോദിച്ചു: 'നിങ്ങളാരാണ്?' അവർ പറഞ്ഞു: 'ഇത് അല്ലാഹുവിന്റെ റസൂലും അവിടത്തെ സ്വഹാബിമാരുമാണ്. 'അബൂ സുഫിയാൻ പറഞ്ഞു: 'ഇത്രയും വലിയൊരു സൈന്യം ഒരു ജനതയുടെ മധ്യത്തിൽ ഇറങ്ങിയിട്ടും അവർക്കൊരു വിവരവും കിട്ടാത്തത് എപ്പോഴെങ്കിലും സംഭവിച്ചിട്ടുണ്ടോ? ഒരു വിവരവുമില്ലാതെ ഇത്രയും വലിയ സൈന്യം എങ്ങനെ വന്നു?'

മറ്റൊരു വേദനത്തിൽ പറയുന്നത്, നബി ﷺതിരുമേനി മർറുള്ളഹ്റാനിലെത്തിയപ്പോൾ, ഹദ്റത്ത് അബ്ബാസ്ؓന്റെ ഹൃദയത്തിന് മക്കക്കാരോടടു ദയ തോന്നി. അങ്ങനെ അദ്ദേഹം നബിﷺതിരുമേനിയുടെ വെള്ള നിറമുള്ള ശഹ്ബാഅ് എന്ന കോവർക്കഴുതപ്പുറത്ത് കയറി അറാക്ക് എന്ന സ്ഥലത്തുവന്നു. ഒരുപക്ഷേ, ആരെങ്കിലും നബിﷺതിരുമേനിയുടെ വരവിനെക്കുറിച്ച് മക്കക്കാർക്ക് വിവരം നൽകി അവരോട് ശക്തി ഉപയോഗിച്ച് മക്കയിൽ പ്രവേശിക്കുന്നതിനു മുമ്പേവന്ന് നബിതിരുമേനിയോടു സമാധാനത്തിന് അപേക്ഷിക്കാൻ അവസരം കിട്ടിയെങ്കിലോ എന്ന് അദ്ദേഹം മനസ്സിൽക്കരുതിയിട്ടുണ്ടാകും. അദ്ദേഹം ഇത് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ, അബൂ സുഫിയാൻ, ഹക്കീം ബിൻ ഹിസാം, ബുദയ്ൽ ബിൻ വർഖ എന്നിവരുടെ ശബ്ദം കേട്ടു. അബൂ സുഫിയാൻ പറയുന്നുണ്ടായിരുന്നു: 'ഇതുവരെ ഞാൻ ഇങ്ങനെയൊരു തീയും സൈന്യവും കണ്ടിട്ടില്ല.' ബുദയ്ൽ പറയുന്നുണ്ടായിരുന്നു: 'അല്ലാഹുവാണെ സത്യം, ഇത് ഖുസാഅ് ആളുകളുടെ തീയാണ്. യുദ്ധത്തിനുള്ള ആഗ്രഹം അവരുടെ വികാരങ്ങളെ ആളിക്കത്തിച്ചിരിക്കുന്നു.' അബൂ സുഫിയാൻ പറഞ്ഞു: 'അല്ലാഹുവാണെ സത്യം, ഖുസാഇലെ ആളുകൾ ദുർബലരും എണ്ണത്തിൽ കുറഞ്ഞവരുമാണ്. ഇത് അവരുടെ തീയും സൈന്യവും ആകാൻ തരമില്ല. ഹദ്റത്ത് അബ്ബാസ് ؓ അവരുടെ ശബ്ദങ്ങൾ കേൾക്കുകയും അവരെ തിരിച്ചറിയുകയും ചെയ്തു. അബൂ സുഫിയാനും അദ്ദേഹത്തെ തിരിച്ചറിഞ്ഞു. ഹദ്റത്ത് അബ്ബാസ്ؓ, അബൂ സുഫിയാനെ നബി ﷺതിരുമേനിയുടെ അടുത്ത് കൊണ്ടുപോയി. അദ്ദേഹത്തിന്റെ രണ്ട് കൂട്ടുകാർ തിരിച്ചുപോയി. ഒറ്റയ്ക്ക് അബൂ സുഫിയാനെയാണ് കൊണ്ടുപോയത്, മറ്റു കൂട്ടുകാരെ വിട്ടു. ഒരു നിവേദനത്തിൽ പറയുന്നത് ഹദ്റത്ത് അബ്ബാസ്ؓഅവരെയും നബിﷺതിരുമേനിയുടെ അടുത്ത് കൊണ്ടുപോയെന്നാണ്. രണ്ടു തരത്തിലുള്ള നിവേദനങ്ങളും ലഭിക്കുന്നുണ്ട്.(സുബുലുൽഹുദാ, വാള്യം 5, പേജ് 214-216, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്) *(മുഅ്ജമുൽബുൽദാൻ, മുത്തർജിം ഡോക്ടർ ഗുലാം ജീലാനീ ബർഖ്, പേജ് 37, അൽഫയ്സൽ നാശിറാൻ ലാഹോർ)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഇപ്രകാരമാണ് ഇതിനെ വിവരിച്ചത്. ഇസ്‌ലാമിക സൈന്യം മക്കയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുമ്പോൾ, അന്തരീക്ഷത്തിൽ പരന്ന നിശബ്ദത കാരണം മക്കക്കാർ കൂടുതൽക്കൂടുതൽ ഭയപ്പെട്ടുകൊണ്ടിരുന്നു. അവസാനം അവർ കൂടിയാലോചിച്ച് അബൂസുഫിയാനെ മക്കയ്ക്ക് പുറത്തുപോയി മുസ്‌ലിമീങ്ങൾ എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് കണ്ടെത്താൻ പ്രേരിപ്പിച്ചു. മക്കയിൽനിന്ന് ഒരു ദിവസത്തെ യാത്ര കഴിഞ്ഞപ്പോൾ, അബൂ സുഫിയാൻ രാത്രിനേരത്ത് ആ മരുപ്രദേശമാകെ കത്തിത്തിളങ്ങിക്കൊണ്ടിരിക്കുന്നതുകണ്ടു. നബി ﷺതിരുമേനി ഓരോ തമ്പിനുമുമ്പിലും തീ കത്തിക്കാൻ കൽപ്പിച്ചിട്ടുണ്ടായിരുന്നു. മരുപ്രദേശത്ത് പതിനായിരം ആളുകളുടെ തമ്പുകൾക്ക് മുന്നിൽ ആളിക്കത്തുന്ന തീ ഒരു ഭയാനകമായ കാഴ്ചയായിരുന്നു. അബൂ സുഫിയാൻ തന്റെ കൂട്ടുകാരോടു ചോദിച്ചു: 'ഇതെന്താണ്? ആകാശത്തുനിന്ന് വല്ല സൈന്യവും ഇറങ്ങിയോ? കാരണം അറബികളിൽ ഒരു ഗോത്രത്തിനും ഇത്രയും വലിയ സൈന്യമുണ്ടായിരുന്നില്ല. 'തന്റെ കൂട്ടുകാർ പല ഗോത്രങ്ങളുടെയും പേരുകൾ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇല്ലില്ല, അറേബ്യൻ ഗോത്രങ്ങളിൽ ഒരു ഗോത്രത്തിനും ഇത്ര വലിയ സൈന്യം എവിടെയുണ്ടാകാനാണ്?'

അദ്ദേഹം ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, ഇരുട്ടിൽനിന്ന് ഒരു ശബ്ദം കേട്ടു: 'അബൂ ഹൻളലേ!' (ഇത് അബൂ സുഫിയാന്റെ ഓമനപ്പേരായിരുന്നു). അബൂ സുഫിയാൻ ചോദിച്ചു: 'അബ്ബാസ്, നീ ഇവിടെ എന്തു ചെയ്യുന്നു?' 'അദ്ദേഹം മറുപടി നൽകി: 'മുഹമ്മദ് റസൂലുല്ലാഹ്ﷺയുടെ സൈന്യം മുന്നിലുണ്ട്, നിങ്ങൾ വേഗം എന്തെങ്കിലും ചെയ്തില്ലെങ്കിൽ, തോൽവിയും അപമാനവും നിങ്ങൾക്ക് തീർച്ചയാണ്."*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 337-338)*

അതായത്, വേഗം സന്ധിയിലേക്ക് വരുക.

എന്തായാലും, ഇതിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ഇനിയുമുണ്ട്. വളരെ ദീർഘമായ വിശദീകരണങ്ങളാണ്. ഇൻശാ അല്ലാഹ്. തുടർന്ന് അത് വിവരിക്കുന്നതായിരിക്കും.

ഞാനെപ്പോഴും പറഞ്ഞവരന്നതുപോലെ, ദുആകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. അല്ലാഹു ലോകത്തെ കുഴപ്പങ്ങളിൽനിന്ന് രക്ഷിക്കുമാറാകട്ടെ, നിലവിൽ പൊങ്ങിയും താണും കൊണ്ടിരിക്കുന്ന ഈ അവസ്ഥ അല്ലാഹു നല്ലതിലേക്ക് കൊണ്ടുപോകുമാറാകട്ടെ. അത് കൂടുതൽ നാശത്തിലേക്ക് പോകാതിരിക്കട്ടെ. *(അൽഫള്ൽ ഇന്റർനാഷണൽ 11 ജൂലൈ 2025, പേജ് 2-6)*

പേജ് 1 ൽ നിന്ന്

എതിരാളിയായിരുന്നു. ആളുകൾ നബി ﷺതിരുമേനിയുടെ കൊടുംശത്രുവായി തീർന്നപ്പോൾ നാട്ടുംപുറത്തുകാരനായ ഒരാൾ മക്കയിൽ വന്നെത്തി. അബൂജഹ്‌ലിൽനിന്ന് അയാൾക്ക് ഒരു തുക തിരിച്ചുകിട്ടാനുണ്ടായിരുന്നു. തിരിച്ചു കൊടുക്കാൻ അബൂജഹ്ൽ തയ്യാറായില്ല. അവസാനം അയാൾ നബിﷺതിരുമേനിയുടെ അടുത്തുവന്നു. അങ്ങ് 'ഹൽഫുൽ ഫുളൂലിൽ' പങ്കെടുത്ത ആളാണ്. അക്രമിക്കപ്പെട്ടവരെ എപ്പോഴും സഹായിക്കുമെന്ന് അങ്ങ് സത്യം ചെയ്തിരുന്നു. അങ്ങ് ചെയ്ത ആ പ്രതിജ്ഞ ഓർമിപ്പിച്ചുകൊണ്ട് ഞാൻ അങ്ങയോട് അപേക്ഷിക്കുകയാണ്. എനിക്ക് കുറച്ചു പണം അബൂജഹ്ൽ തരാനുണ്ട്. അങ്ങ് അയാളുടെയടുക്കൽ വന്നാലും. എനിക്കെന്റെ പണം വാങ്ങിത്തന്നാലും.' അയാൾ ഇതു പറഞ്ഞപ്പോൾ, ആളുകളുടെ ഇടയിൽ ഇറങ്ങി നടക്കുന്നത് നബിﷺതിരുമേനിയുടെ ജീവിതത്തിനുതന്നെ ഭീഷണിയായിരുന്നിട്ടുകൂടി- കാരണം അബൂജഹ്ൽ നബിﷺതിരുമേനിയെ കൊല്ലാൻ നടന്നിരുന്ന കഠിന ശത്രുവായിരുന്നു. അയാളെന്തെങ്കിലും ദ്രോഹം ചെയ്യാൻ സാധ്യതയുണ്ടായിരുന്നു- നബിﷺതിരുമേനി ക്ഷണത്തിൽ എഴുന്നേറ്റു. അയാളോടൊപ്പം നടന്ന് അബൂജഹ്‌ലിന്റെ വീട്ടിലെത്തി. വീട്ടിൽ മുട്ടിവിളിച്ചു. കതകിൽമുട്ടുന്ന ശബ്ദം കേട്ട് അബൂജഹ്ൽ വെളിയിൽ വന്നു. നബിﷺതിരുമേനി പറഞ്ഞു:'ഇയാളുടെ കുറച്ചു പണം നീ എടുത്തിട്ടുണ്ട്, അതെത്രയും വേഗം മടക്കിക്കൊടുക്കുക.' അബൂജഹ്ൽ കമാ എന്നൊരു അക്ഷരം പോലും മിണ്ടാതെ അകത്തുപോകുകയും പണം കൊണ്ടുവന്ന് അദ്ദേഹത്തിന് കൊടുക്കുകയും ചെയ്തു. മുഹമ്മദു ﷺപറഞ്ഞപ്പോൾ, അബൂജഹ്ൽ ഒരാൾക്ക് കൊടുക്കാനുണ്ടായിരുന്ന പണം അയാൾക്ക് കൊണ്ടുകൊടുത്തത് മറഞ്ഞകാര്യമൊന്നുമായിരുന്നില്ല. കാട്ടുതീ പോലെ ഇക്കാര്യം മക്കയിൽ പരക്കുകയും ആളുകളിൽ അത് ചർച്ചയാകുകയും ചെയ്തു. അതായത് അബുൽഹിക്കം മുഹമ്മദു പറയുന്നത് അനുസരിക്കരുതെന്ന് നമ്മളോടു പറയുന്നു, എന്നാൽ, സ്വയം അയാൾ എത്രമാത്രം പേടിച്ചുവെന്നാൽ ഒരു മിനിറ്റിനുള്ളിൽ പണം തിരിച്ചുകൊടുക്കാൻ തയ്യാറായി. ഈ വിവരം അബൂജഹ്ൽ അറിഞ്ഞപ്പോൾ അയാൾ പറഞ്ഞു: "ദൈവമാണെ സത്യം! എന്റെ സ്ഥാനത്ത് നിങ്ങളായിരുന്നെങ്കിലും ഞാനെന്താണോ ചെയ്തത് അതുതന്നെയായിരിക്കും നിങ്ങളും ചെയ്യുക. എന്തുകൊണ്ടെന്നാൽ, മുഹമ്മദു വന്നപ്പോൾ അയാളുടെ ഇടത്തും വലത്തും രണ്ടു ഭ്രാന്തൻ ഒട്ടകങ്ങൾ നിൽക്കുന്നതായി കാണപ്പെട്ടു. അവയെകണ്ടു എന്റെ മനസ്സ് വല്ലാതെ ഭയപ്പെട്ടുപോയി. ഞാൻ അയാൾ പറഞ്ഞതനുസരിച്ചില്ലെങ്കിൽ ആ രണ്ടു ഒട്ടകങ്ങളും കീറിമുറിച്ച് എന്നെ തിന്നുമെന്ന് എനിക്കു മനസ്സിലായി." ഇക്കാര്യം അല്ലാഹുതന്നെയാണ് നന്നായി അറിയുന്നവൻ. അയാൾ അത്തരമെന്തെങ്കിലും ദൃശ്യം കണ്ടതാണോ അതല്ല സത്യത്തിന്റെ എന്തെങ്കിലും ഭയം അയാളിലുണ്ടായതാണോ എന്ന് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. എന്തായാലും നബിﷺതിരുമേനി 'ഹൽഫുൽഫുളൂലിൽ' ചെയ്ത ഉടമ്പടിയുടെ ആദരവിൽ ഒരു അക്രമിക്കപ്പെട്ട വ്യക്തിക്ക് അയാളുടെ അവകാശം നേടിക്കൊടുക്കാൻ അങ്ങേയറ്റം അപകടകരമായ അവസ്ഥപോലും വകവെക്കാതെ അയാളുടെ അടുത്തുപോയി, അപ്പോൾ സത്യസന്ധതയുടെ ഗാംഭീര്യം അയാളുടെ ദുഷ്ടതയുടെ ആത്മാവിനെ ചവിട്ടിമെതിച്ചുകളഞ്ഞു. അങ്ങനെ അയാൾ അക്രമിക്കപ്പെട്ടവന്റെ അവകാശം കൊടുക്കാൻ നിർബന്ധിതനായി.

ഹുദയ്ബിയ് സന്ധിയുടെ അവസരത്തിൽചെയ്ത ഉടമ്പടിയിലെ ഒരു

നിബന്ധന മക്കക്കാരിൽ ഏതെങ്കിലും യുവാവ് മുസ്‌ലിമായാൽ അയാളെ അയാളുടെ ബന്ധുക്കൾക്ക് തിരിച്ചു കൊടുക്കുമെന്നതായിരുന്നു. പക്ഷേ, ഏതെങ്കിലും മുസ്‌ലിം മക്കക്കാരിൽ തിരിച്ചുപോയാൽ അവരെ മക്കക്കാർ മടക്കി അയക്കാൻ നിർബന്ധിതരല്ല. ഈ ഉടമ്പടി എഴുതി മഷിപോലും ഉണങ്ങുന്നതിനുമുമ്പേ മക്കക്കാർക്കുവേണ്ടി ഉടമ്പടി എഴുതിയ സുഹയ്‌ലിന്റെ മകൻ കയറിൽ ബന്ധിതനായും ശരീരം മുഴുവൻ മുറിവേറ്റവനുമായി നബിﷺ തിരുമേനിയുടെ മുമ്പിൽവന്നു വീണു. അയാൾ പറഞ്ഞു: യാ റസൂലല്ലാഹ്! ഞാൻ ഹൃദയംകൊണ്ട് മുസ്‌ലിമായിരിക്കുന്നു. എന്നാൽ, എന്റെ പിതാവ് ഇസ്‌ലാംകാരണത്താൽ എന്നെ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് എന്റെ പിതാവ് ഇവിടെ വന്നിട്ടുണ്ട്. ഞാൻ തക്കംനോക്കി ഇറങ്ങി ഓടി വന്നതാണ്. നബിﷺതിരുമേനി അപ്പോൾ അയാൾക്ക് മറുപടിയൊന്നും നല്കിയില്ല.

'അയാളുടെ പിതാവ് പറഞ്ഞു: ഉടമ്പടി ചെയ്തു കഴിഞ്ഞിരിക്കുന്നു. ഇനി അവന് എന്നോടൊപ്പം വരേണ്ടിവരും.' അബൂജൻദലിന്റെ അവസ്ഥ ആ നേരത്ത് എത്രമാത്രം വേദനാജനകമായിരുന്നുവെന്നാൽ മുസ്‌ലിമീങ്ങളുടെ കണ്ണുകളിൽ നിന്ന് കണ്ണീരൊഴുകിക്കൊണ്ടിരുന്നു. അബൂജൻദൽത്തന്നെയും നബിﷺ തിരുമേനിയോടു പറഞ്ഞു: "യാ റസൂലല്ലാഹ്!ഈയാളുകൾ മുമ്പേയുള്ളതിനെക്കാൾ കൂടുതൽ എന്നെ ദ്രോഹിക്കാൻ അങ്ങ് എന്നെ വീണ്ടും മക്കക്കാർക്ക് തിരിച്ചുകൊടുക്കുമോ?" എന്നാൽ, നബിﷺതിരുമേനി പറഞ്ഞു:"അല്ലാഹുവിന്റെ റസൂൽ ഉടമ്പടി ലംഘിക്കാറില്ല. താങ്കൾക്കെന്തായാലും മടങ്ങിപ്പോകേണ്ടി വരും. താങ്കൾ ക്ഷമയോടെ പ്രവർത്തിക്കുക. അല്ലാഹുവിൽ തവക്കുൽ ചെയ്യുക." അങ്ങനെ അദ്ദേഹം മക്കയിൽ തിരിച്ചയക്കപ്പെട്ടു. പിന്നീട് നബിﷺതിരുമേനി മക്കയിലെത്തിയപ്പോൾ മക്കയിലെ മറ്റൊരു യുവാവ് അബൂബസ്വീർ നബിയുടെ പിന്നാലെ ഓടിയോടി വന്നു. മദീനയിലെത്തി. എന്നാൽ, നബിﷺ തിരുമേനി അയാളേയും ഉടമ്പടിയനുസരിച്ച് മക്കയിൽ തിരിച്ചുപോകാൻ നിർബന്ധിച്ചു. ഇങ്ങനെ ഉടമ്പടി പാലിക്കുന്നതിൽ നബിﷺതിരുമേനിക്ക് എത്രമാത്രം ചിന്തയായിരുന്നെന്നാൽ ഒരിക്കൽ ഒരു രാജ്യത്തിലെ രാജദൂതൻ നബിﷺ തിരുമേനിയുടെ അടുത്ത് രാജാവിന്റെ സന്ദേശവുമായിവന്നു. നബിﷺതിരുമേനിയുടെ സഹവാസത്തിൽ കുറച്ചു നാൾ താമസിച്ചതിനുശേഷം പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാനെന്റെ ഇസ്‌ലാം പ്രകടിപ്പിക്കാനാഗ്രഹിക്കുകയാണ്.' നബിﷺതിരുമേനി പറഞ്ഞു: 'ഉചിതമല്ല. താങ്കൾ താങ്കളുടെ ഭരണകൂടത്തിൽനിന്ന് പ്രത്യേകമായ സ്ഥാനത്തിരിക്കുന്ന ആളാണ്. താങ്കൾ ഈ അവസ്ഥയിൽ തിരിച്ചുപോകുക. അവിടെ ചെന്നതിനുശേഷം താങ്കളുടെ മനസ്സിൽ വീണ്ടും ഇസ്‌ലാമിനോടുള്ള സ്നേഹം നിലനില്ക്കുന്നെങ്കിൽ വീണ്ടും വന്ന് ഇസ്‌ലാം സ്വീകരിക്കുക.'

മുസ്‌ലിമീങ്ങൾക്കും ഉടമ്പടി പാലനത്തിൽ എത്രത്തോളം ചിന്തയായിരുന്നുവെന്നാൽ ഒരിക്കൽ മക്കയിലെ സത്യനിഷേധികൾ(കുഫ്ഫാർ), കൃത്യം യുദ്ധത്തിന്നിടയിൽ, വഞ്ചനയാൽ ഒരു മുസ്‌ലിം ഹബ്ശി മുസ്‌ലിമുമായി ഉടമ്പടി ചെയ്തു. അദ്ദേഹം കോട്ടയുടെ കവാടങ്ങൾ തുറന്നുകൊടുത്തു. കോട്ടയിൽ പ്രവേശിക്കുന്നതിന് സൈന്യം മുന്നോട്ടു നീങ്ങിയപ്പോൾ 'ഞങ്ങൾ നിങ്ങളുമായി ഉടമ്പടി ചെയ്തുകഴിഞ്ഞിട്ടുള്ളതാണെന്ന് അവർ പറഞ്ഞു.'താനുമായി ഒരു ഉടമ്പടിയും ചെയ്തിട്ടില്ലെന്ന് കമാൻറർ പറഞ്ഞു. അവർ പറഞ്ഞു,'ഞങ്ങൾ ഒരു ഹബ്ശിയുമായി ഉടമ്പടി ചെയ്തിരുന്നു. അയാൾ ചില നിബന്ധനയാൽ ഞങ്ങൾക്ക് അഭയം നല്കിയിട്ടുണ്ട്.' കമാൻറർ പറഞ്ഞു:'അയാൾക്ക് ഉടമ്പടി ചെയ്യാൻ എന്തധികാരമാണുള്ളത്? ഉടമ്പടി ചെയ്യേണ്ടിയിരുന്നത് ഞാനുമായിട്ടായിരുന്നു.' അവർ പറഞ്ഞു, ഞങ്ങൾക്കിതൊന്നുമറിയില്ല. ഞങ്ങൾ നിങ്ങളുമായി ഉടമ്പടി ചെയ്തു കഴിഞ്ഞിട്ടുള്ളതാണ്.' അങ്ങനെ ഈ ഭിന്നത വർധിച്ചപ്പോൾ ഇസ്‌ലാമി സൈന്യത്തിന്റെ കമാൻറർ ഹദ്റത്ത് ഉമറിന് എല്ലാ സംഭവങ്ങളും എഴുതി. ഇനി എന്താണ് ചെയ്യേണ്ടതെന്ന് ചോദിച്ചു. ഹദ്റത്ത് ഉമർرضമറുപടി നല്കി, 'അല്ലാഹു ഉടമ്പടി പാലനത്തിന് വലിയമഹത്ത്വവും പ്രാധാന്യവും നല്കിയിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ഈ ഉടമ്പടി പാലിക്കുക. എതിർകക്ഷി സ്വയം കരാർലംഘനം നടത്തുന്നതുവരെ നിങ്ങൾ ആ കരാറിൽ ഉറച്ചു നില്ക്കുക.'

പറഞ്ഞതിന്റെ ചുരുക്കം ഇസ്‌ലാം അമാനത്ത് അഥവാ വിശ്വസ്തതയ്ക്കും ദിയാനത്ത് അഥവാ സത്യസന്ധതയ്ക്കും മുആഹിദാത്ത് അഥവാ കരാർ പാലനത്തിനും പ്രത്യേകമായ പ്രാധാന്യം നല്കുന്നു. പറയുന്നു, വിശ്വസ്തതയിലും കരാർ പാലനത്തിലും ഉന്നതമായ മാതൃക കാഴ്ചവെക്കുന്ന മുഅ്മിൻ അഥവാ സത്യവിശ്വാസിയാണ് വിജയം പ്രാപിക്കുന്നത്. *(തഫ്സീറെ കബീർ, വാള്യം, പേജ് 133 - 134, പ്രസാധനം ഖാദിയാൻ 2010)*

പേജ് 12 ൽ നിന്ന്

ച്ചു. അങ്ങനെ അദ്ദേഹം അബ്ബാസിന്റെرض കൈപിടിച്ച് ഒട്ടകപ്പുറത്തിരുന്ന് മുന്നോട്ടുപോയി. അവർ അല്ലാഹുവിന്റെ റസൂലിന്റെ സദസ്സിലെത്തി. ഹദ്റത്ത് ഉമർرض, ഹദ്റത്ത് അബ്ബാസിرضനോടൊപ്പം കാവലിനായി നിയോഗിക്കപ്പെട്ടിരുന്നതിനാൽ അദ്ദേഹം അബൂസുഫിയാനെ വധിക്കുമോ എന്ന് ഹദ്റത്ത് അബ്ബാസ് ഭയപ്പെട്ടു. എന്നാൽ, അബൂസുഫിയാനെ നിങ്ങളിലാരെങ്കിലും കണ്ടുമുട്ടിയാൽ അയാളെ വധിക്കരുതെന്ന് നബിﷺതിരുമേനി നേരത്തെതന്നെ പറഞ്ഞിരുന്നു. ഈ കാഴ്ചകളെല്ലാം അബൂസുഫിയാന്റെ മനസ്സിൽ വലിയ മാറ്റം വരുത്തിയിരുന്നു. ഏതാനും വർഷങ്ങൾക്കുമുമ്പേ ഞങ്ങൾ അല്ലാഹുവിന്റെ നബിയെ ഒരൊറ്റ അനുയായിയോടൊപ്പം മക്കയിൽനിന്ന് പുറത്തു പോകാൻ നിർബന്ധിതരാക്കിയെങ്കിലും ഇന്ന് വെറും ഏഴുവർഷം പിന്നിടുമ്പോൾ അവിടന്ന് പതിനായിരം പുണ്യവാന്മാരുമായി ഒരു ദ്രോഹവും അതിക്രമവും കൂടാതെ മക്കയെ നിയമപരമായി ആക്രമിച്ചിരിക്കുന്നുവെന്നും മക്കക്കാർക്ക് അതിനെ തടയാൻ ശേഷിയില്ലെന്നും അബൂസുഫിയാൻ കണ്ടു. അങ്ങനെ നബിﷺതിരുമേനിയുടെ സദസ്സിലെത്തുന്നതുവരെ ഈ ചിന്തകൾ കാരണവും ഭയം നിമിത്തവും അബൂസുഫിയാൻ വിസ്മയഭരിതനായി കഴിഞ്ഞിരുന്നു. നബിﷺതിരുമേനി അദ്ദേഹത്തിന്റെ ഈ അവസ്ഥ കണ്ടപ്പോൾ അബ്ബാസ്رضനോടു അബൂസുഫിയാനെ കൂട്ടിക്കൊണ്ടുപോയി രാത്രി താങ്കളുടെ കൂടെ താമസിപ്പക്കാനും രാവിലെ തന്റെയടുക്കൽ കൊണ്ടുവരാനും കല്പിച്ചു. അങ്ങനെ അബൂസുഫിയാൻ രാത്രി ഹദ്റത്ത് അബ്ബാസിرضനോടൊപ്പം താമസിച്ചു. രാവിലെ അദ്ദേഹത്തെ നബിﷺ തിരുമേനിയുടെ അടുക്കൽ കൊണ്ടുവന്നപ്പോൾ സ്വുബ്ഹി നമസ്കാരത്തിന്റെ സമയമായിരുന്നു. രാവിലെ എഴുന്നേറ്റ് നമസ്കരിക്കുന്നതെന്താണെന്ന് മക്കക്കാർക്ക് അറിയില്ലായിരുന്നു. വെള്ളം നിറച്ച പാത്രങ്ങളുമായി മുസ്‌ലിമീങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പോകുന്നത് അബൂസുഫിയാൻ കണ്ടു. ചിലർ വുളു എടുക്കുന്നതും ചിലർ സ്വഫ്ഫായി നിൽക്കുന്നതും അദ്ദേഹത്തിന് കാണാൻ സാധിച്ചു. അപ്പോൾ ഒരുപക്ഷേ, തനിക്കെതിരിൽ എന്തെങ്കിലും പുതിയ ശിക്ഷ വിധിച്ചിട്ടുണ്ടോ എന്ന് അബൂസുഫിയാൻ ചിന്തിച്ചു. അങ്ങനെ അദ്ദേഹം പരിഭ്രാന്തനായി ഹദ്റത്ത് അബ്ബാസിرضനോട് ഈ ആളുകൾ രാവിലെ എന്താണ് ചെയ്യുന്നതെന്ന് ചോദിച്ചു. അബ്ബാസ്رضപറഞ്ഞു: താങ്കൾ ഭയപ്പെടേണ്ടതില്ല. ഈ ആളുകൾ നമസ്കരിക്കാൻ തുടങ്ങിയതാണ്. അതിനുശേഷം അബൂസുഫിയാൻ ആയിരക്കണക്കിന് മുസ്‌ലിമീങ്ങൾ റസൂലുല്ലാഹിﷺക്കു പിന്നിൽ നിൽക്കുന്നതും നബിﷺ തിരുമേനി റുകൂഅ് ചെയ്യുമ്പോൾ അവരെല്ലാം റുകൂഅ് ചെയ്യുന്നതും സുജൂദ് ചെയ്യുമ്പോൾ എല്ലാവരും സുജൂദ് ചെയ്യുന്നതും കണ്ടു. അബ്ബാസ്رضകാവലിൽ ഉണ്ടായിരുന്നതിനാൽ നമസ്കാരത്തിൽ പങ്കുചേർന്നിരുന്നില്ല. അപ്പോൾ അബൂസുഫിയാൻ അദ്ദേഹത്തോടു ചോദിച്ചു: ഇപ്പോൾ ഇവരെന്താണ് ചെയ്യുന്നത്? അല്ലാഹുവിന്റെ റസൂൽ മുഹമ്മദ്ﷺഎന്താണോ ചെയ്യുന്നത്, അതു തന്നെയാണ് ഈ ആളുകളും ചെയ്യുന്നതായി ഞാൻ കാണുന്നത്. അബ്ബാസ്رضപറഞ്ഞു: താങ്കൾ എന്തെല്ലാമാണ് ചിന്തിക്കുന്നത്? ഇവർ നമസ്കാരം നിർവ്വഹിക്കുകയാണ്. എന്നാൽ, നബിﷺതിരുമേനി അവരോടു ഭക്ഷണം കഴിക്കുന്നതും വെള്ളം കുടിക്കുന്നതും ഒഴിവാക്കാൻ

• ഹദീഥുന്നബ്‌വിﷺ •

"അന്നദമു തൗബത്തുൻ."

ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ് യഥാർഥ പശ്ചാത്താപം.

ത്വാലിബെ ദുആ

E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വിﷺ •

"ലാ തതമന്നഉൽമൗത്ത."

മരണം ആഗ്രഹിക്കരുത്.

ത്വാലിബെ ദുആ

P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

കൽപ്പിച്ചാൽ, ഈ ആളുകൾ ഭക്ഷണവും വെള്ളവും ഒഴിവാക്കും. അബൂസുഫിയാൻ പറഞ്ഞു: ഞാൻ കിസ്റായുടെ ദർബാറും സീസറിന്റെ ദർബാറും കണ്ടിട്ടുണ്ട്. എന്നാൽ, അവരുടെ ജനത അവരുടെ നേതാക്കന്മാരിൽ ഇത്രയധികം ആസക്തരായിരിക്കുന്നത് ഞാൻ കണ്ടിട്ടില്ല; മുഹമ്മദ് റസൂലുല്ലായുടെ ﷺ ജമാഅത്ത് അദ്ദേഹത്തിൽ ആസക്തരായിരിക്കുന്നതുപോലെ. തന്റെ സ്വന്തം ജനത്തിന് മാപ്പു കൊടുക്കാൻ നബിﷺതിരുമേനിയോടു അപേക്ഷിക്കുകയില്ലേ എന്നു ഹദ്റത്ത് അബ്ബാസ്(റ), അബൂസുഫിയാനോടു ചോദിച്ചു. സ്വുബ്ഹി നമസ്കാരം കഴിഞ്ഞശേഷം ഹദ്റത്ത് അബ്ബാസ്ؓ അബൂസുഫിയാനെ തിരുസവിധത്തിലേക്കാനയിച്ചു. നബിﷺ തിരുമേനി അബൂസുഫിയാനോടു ചോദിച്ചു: അബൂ സുഫിയാൻ! 'അല്ലാഹു അല്ലാതെ ആരാധ്യനായി മറ്റാരുമില്ലെന്നു താങ്കൾക്കിനിയും ബോധ്യമായില്ലേ?' 'എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്! അങ്ങ് എന്നും അങ്ങയുടെ ബന്ധുജനങ്ങളോടു ആർദ്രതയും അലിവും കാണിച്ചിട്ടുണ്ട്. അല്ലാഹുവിനു പുറമെ ആരാധ്യനായി മറ്റാരെങ്കിലുമുണ്ടെങ്കിൽ, അങ്ങയ്ക്കെതിരിൽ ഞങ്ങൾക്ക് സഹായം കിട്ടിയേനെ.' നബിﷺ തിരുമേനി അബൂ സുഫിയാനോടു ചോദിച്ചു: 'ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്ന് നിങ്ങൾക്കിനിയും ബോധ്യം വന്നില്ലേ?'എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് ബലിയാണ്! ഇക്കാര്യത്തിൽ എനിക്കിപ്പോഴും സംശയമുണ്ട്! എന്നാൽ, അബൂസുഫിയാൻ സംശയിച്ചുനിന്നപ്പോഴും, അദ്ദേഹത്തോടൊപ്പം മുസ്‌ലിം സൈന്യത്തെക്കുറിച്ച് വിവരങ്ങൾ അന്വേഷിച്ച് മക്കയിൽനിന്ന് പുറത്തുവന്ന അദ്ദേഹത്തിന്റെ രണ്ടു കൂട്ടാളികളിൽ ഒരാളായ ഹക്കീം ബിൻ ഹിസാം മുസ്‌ലിമായി.

അതിനുശേഷം അബൂസുഫിയാനും ഇസ്‌ലാം സ്വീകരിച്ചു. എങ്കിലും, മക്ക വിജയംവരെയും അബൂസുഫിയാൻ ആത്മാർഥമായി വിശ്വസിച്ചിരുന്നില്ലെന്നാണ് തോന്നുന്നത്. വിശ്വാസം സ്വീകരിച്ചശേഷം ഹക്കീം ബിൻ ഹിസാം ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ,ﷺഅങ്ങയുടെ ജനതയെ നശിപ്പിക്കാൻ വേണ്ടിയാണോ ഈ സൈന്യത്തെ അങ്ങ് കൊണ്ടുവന്നിരിക്കുന്നത്? നബിﷺ തിരുമേനി പറഞ്ഞു: 'ഈ ആളുകൾ അതിക്രമം കാണിച്ചു, ഈ ആളുകൾ പാപം ചെയ്തു, നിങ്ങൾ ഹുദയ്ബിയയിൽവെച്ച് ചെയ്ത ഉടമ്പടി ലംഘിച്ചു, ഖുസാഅ ഗോത്രത്തിനെതിരെ അതിക്രൂരമായി യുദ്ധം ചെയ്തു. ദൈവം സമാധാനം നൽകിയ ഈ വിശുദ്ധ സ്ഥലത്ത് യുദ്ധം ചെയ്തു. ഹക്കീം പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ!അങ്ങയുടെ ജനത അങ്ങനെ ചെയ്തുവെന്നത് ശരിതന്നെ. പക്ഷേ, മക്കയെ ആക്രമിക്കുന്നതിനുപകരം അങ്ങ് ഹവാസിൻ ഗോത്രത്തെ ആക്രമിക്കുകയായിരുന്നു വേണ്ടിയിരുന്നത്. നബിﷺതിരുമേനി പറഞ്ഞു: ആ ഗോത്രവും അതിക്രമികളാണ്. പക്ഷേ, മക്കയുടെ വിജയം, ഇസ്‌ലാമിന്റെ ആധിപത്യം, ഹവാസിൻ ഗോത്രത്തിന്റെ പരാജയം എന്നിവയെല്ലാം എന്റെ കൈകളിലൂടെ അല്ലാഹു പൂർത്തീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. തുടർന്ന് അബൂസുഫിയാൻ ചോദിച്ചു; 'മക്കക്കാർ വാളൂരുന്നില്ലെങ്കിൽ അവർക്ക് രക്ഷയുണ്ടാകുമോ?' 'തീർച്ചയായും! വീട്ടിനകത്തിരിക്കുന്നവരെല്ലാം സുരക്ഷിതരായിരിക്കും.' നബിﷺതിരുമേനി മറുപടി നൽകി. അബ്ബാസ് പറഞ്ഞു, 'അല്ലയോ പ്രവാചകരേ, അബൂസുഫിയാന് സ്വന്തം കാര്യത്തിൽ വലിയ ഉൽക്കണ്ഠയുണ്ട്. മക്കക്കാരുടെ ഇടയിൽ തനിക്കുള്ള സ്ഥാനവും പദവികളും നിലനിറുത്തപ്പെടുമോ എന്നു അദ്ദേഹം അറിയാനാഗ്രഹിക്കുന്നു.' നബിﷺതിരുമേനി പറഞ്ഞു: 'കൊള്ളാം! അബൂസുഫിയാന്റെ വീട്ടിൽ അഭയം തേടുന്നവരെല്ലാം സുരക്ഷിതരായിരിക്കുന്നതാണ്. വിശുദ്ധ കഅ്ബായിൽ പ്രവേശിക്കുന്നവരും സുരക്ഷിതരായിരിക്കുന്നതാണ്. ആരെല്ലാം ആയുധംവച്ച് കീഴടങ്ങുന്നുവോ അവരും സുരക്ഷിതരായിരിക്കുന്നതാണ്. വാതിലുകളടച്ച് വീട്ടിനകത്തിരിക്കുന്നവരും സുരക്ഷിതരായിരിക്കുന്നതാണ്. ആരെല്ലാം ഹക്കീം ബിൻ ഹിസാമിന്റെ വീട്ടിൽ താമസിക്കുന്നുവോ അവരും സുരക്ഷിതരായിരിക്കുന്നതാണ്. !'*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 338-340)*

ഈ വിശദീകരണങ്ങളെല്ലാം തഫ്സീറുൽഖുർആനിന്റെ ആമുഖത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്ؑഇതു സംബന്ധമായി ഇപ്രകാരം പറഞ്ഞിരിക്കുന്നു: നബിﷺതിരുമേനിയുടെ കാലത്ത്, അബൂസുഫിയാൻ വളരെ ദുർബലഹൃദയനും വിവേകം കുറഞ്ഞവനുമായിരുന്നു. നബിﷺ തിരുമേനി മക്ക കീഴടക്കിയപ്പോൾ അദ്ദേഹത്തോടുചോദിച്ചു: 'നിനക്കിപ്പോഴും മനസ്സിലായില്ലേ? ഇത് മനുഷ്യ കരങ്ങളുടെ സൃഷ്ടിയല്ലെന്ന്? അതിന് മറുപടിയായി അയാൾ പറഞ്ഞു: 'അതെ, നിന്റെ ദൈവം സത്യവാനാണെന്ന് ഇപ്പോൾ എനിക്ക് മനസ്സിലായി. ഈ വിഗ്രഹങ്ങളിൽ എന്തെങ്കിലും ശക്തിയുണ്ടായിരുന്നെങ്കിൽ അവർ ഈ സമയത്ത് ഞങ്ങളെ സഹായിക്കുമായിരുന്നു. പിന്നീട് താങ്കൾ എന്റെ പ്രവാചകത്വത്തിൽ വിശ്വസിക്കുന്നുവോ എന്ന് ചോദിച്ചപ്പോൾ, നബിﷺതിരുമേനി അദ്ദേഹത്തോട് ആ ചോദ്യം ചോദിച്ചപ്പോൾ അദ്ദേഹം അതിൽ സംശയം പ്രകടിപ്പിച്ചു. അദ്ദേഹത്തിന് തൗഹീദ് (ഏകദൈവ വിശ്വാസം) മനസ്സിലായി. പക്ഷേ, പ്രവാചകത്വം മനസ്സിലായില്ല. ചില ആളുകൾക്ക് വിവേകം കുറവായിരിക്കും. തൗഹീദിന് തെളിവായിരുന്നത് പ്രവാചകത്വത്തിനും തെളിവായിരുന്നു. പക്ഷേ, അബൂസുഫിയാൻ അതിനെ വേർതിരിച്ചു കണ്ടു. അദ്ദേഹം തൗഹീദിനെയും പ്രവാചകത്വത്തെയും വെവ്വേറെയാക്കി. അതിനാൽ വാഗ്ദത്ത മസീഹ്ؑ പറയുന്നു, എല്ലാ മനുഷ്യരും ഒരേ തരത്തിലുള്ളവരല്ല. അബൂബക്ർ സിദ്ദീഖ്ؓനെപ്പോലുള്ള ചിലർ ഒന്നാം സ്ഥാനത്തുള്ളവരാണ്. ചിലർ ഇടത്തരം സ്ഥാനത്തും മറ്റു ചിലർ അവസാന സ്ഥാനത്തുമുള്ളവരാണ്."*(മൽഫൂദാത്ത് വാള്യം 3, പേജ് 414, 2022 പതിപ്പ്)*

ഇബ്നു ഉഖ്ബؒവിവരിക്കുന്നു: അബൂസുഫിയാനും ഹക്കീം ബിൻ ഹിസാമും തിരിച്ചുപോകുമ്പോൾ ഹദ്റത്ത് അബ്ബാസ്ؓനബിﷺ തിരുമേനിയോടു പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അബൂസുഫിയാന്റെ ഇസ്‌ലാമിനെക്കുറിച്ച് എനിക്ക് ഭയമുണ്ട്. ഇസ്‌ലാം മനസ്സിലാക്കുന്നതുവരെയും താങ്കളോടൊപ്പം അല്ലാഹുവിന്റെ സൈന്യങ്ങളെ കാണുന്നതുവരെയും അദ്ദേഹത്തെ തിരികെ വിളിക്കണമെന്ന് അബ്ബാസ്ؓ ആവശ്യപ്പെട്ടു.' ഇബ്നു അബീ ശെയ്ബ റിപ്പോർട്ട് ചെയ്യുന്നു: 'അബൂസുഫിയാൻ തിരിച്ചുപോകാൻ തുടങ്ങിയപ്പോൾ അബൂബക്ർؓ, നബിﷺതിരുമേനിയോടു പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അബൂസുഫിയാനെക്കുറിച്ച് താങ്കൾ കൽപ്പിച്ചാൽ അദ്ദേഹത്തെ വഴിയിൽ തടയാമായിരുന്നു. ഇബ്നു ഇസ്ഹാഖ് പറയുന്നു: അബൂസുഫിയാൻ തിരിച്ചുപോകുമ്പോൾ നബിﷺതിരുമേനി ഹദ്റ

**• ഹദീഥുന്നബ്‌വിﷺ •**



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**

**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

**• ഹദീഥുന്നബ്‌വിﷺ •**

**"അൽമുസ്‌ലിമു അഖുൽമുസ്‌ലിമി."**

**ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്.**

ത്വാലിബെ ദുആ
**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"അസ്സലാമു ഖബ്‌ലൽകലാമി."**

**സംസാരിക്കുന്നതിനുമുമ്പേ സലാം പറയുക.**




ത്വാലിബെ ദുആ
**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

ത്ത് അബ്ബാസ്ﷺ നോട് പറഞ്ഞു: അബൂസുഫിയാനെ താഴ്‌വരയുടെ ചുരത്തിൽ തടയുക. അങ്ങനെ അബ്ബാസ് ﷺ പോയി അബൂസുഫിയാനെ തടഞ്ഞു. അപ്പോൾ അബൂസുഫിയാൻ പറഞ്ഞു: ബനൂ ഹാശിമേ!നിങ്ങൾ വഞ്ചിക്കുകയാണോ? അബ്ബാസ്ﷺ പറഞ്ഞു: 'പ്രവാചക കുടുംബം വഞ്ചിക്കില്ല.' മറ്റൊരു നിവേദനത്തിൽ, അദ്ദേഹം പറഞ്ഞു: 'ഞങ്ങളൊരിക്കലും വഞ്ചകരല്ല. എന്നാൽ, താങ്കൾ രാവിലെവരെ കാത്തിരിക്കുക, അല്ലാഹുവിന്റെ സൈന്യത്തെയും അവിടന്ന് മുശ്‌രിക്കുകൾക്കായി ഒരുക്കിയിട്ടുള്ളതിനെയും താങ്കൾ നേരിൽ കാണണം. അങ്ങനെ അബ്ബാസ്ﷺനേരം വെളുക്കുന്നതുവരെ അബൂസുഫിയാനെ ആ താഴ്‌വരയിൽ തടഞ്ഞുവെച്ചു.*(സുബുലുൽഹുദാ വാല്യം 5, പേജ് 218, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റൂത്ത്)*

വിവിധ ഗോത്രങ്ങൾ ഓരോരോ സംഘങ്ങളായി അബൂസുഫിയാന്റെ മുന്നിലൂടെ കടന്നുപോവുകയായിരുന്നു. ഒരു സംഘം കടന്നുപോയപ്പോൾ അദ്ദേഹം ചോദിച്ചു: 'അബ്ബാസേ! ഇതാരാണ്?' അദ്ദേഹം പറഞ്ഞു: 'ഇത് ഗിഫാർ ഗോത്രമാണ്.' അപ്പോൾ അദ്ദേഹം പറഞ്ഞു: എനിക്ക് ഗിഫാറുമായിട്ടെന്ത് ബന്ധം? പിന്നീട് ജുഹയ്‌ന ഗോത്രം കടന്നുപോയപ്പോഴും അദ്ദേഹം അതുപോലെ ചോദിച്ചു. പിന്നീട് സഅ്ദ് ബിൻ ഹുദയിം കടന്നുപോയപ്പോഴും അദ്ദേഹത്തിന് അവരുമായി എന്താണ് ബന്ധമെന്ന് ചോദിച്ചു. പിന്നീട് സുലയിം ഗോത്രം കടന്നുപോയപ്പോഴും അദ്ദേഹം വീണ്ടും അതുപോലെ ചോദിച്ചു. ഒടുവിൽ അദ്ദേഹം ഇതുവരെ കാണാത്ത ഒരു സംഘം വന്നു. അദ്ദേഹം ചോദിച്ചു: ഇതാരാണ്? ഹദ്റത്ത് അബ്ബാസ്ﷺ പറഞ്ഞു: ഇവരാണ് അൻസ്വാർ. അവരുടെ നേതാവ് സഅ്ദ് ബിൻ ഉബാദയാണ്. അദ്ദേഹത്തിന്റെ കൈയിലാണ് പതാകയുള്ളത്. സഅ്ദ് ബിൻ ഉബാദﷺആവേശത്തോടെ പറഞ്ഞു: ഓ അബൂസുഫിയാൻ, ഇന്നത്തെ ദിവസം പോരാട്ടത്തിന്റെ ദിവസമാണ്. ഇന്ന് കഅ്ബയുടെ പവിത്രത നിലനിറുത്തപ്പെടുകയില്ല. ഇതു കേട്ട അബൂസുഫിയാൻ പറഞ്ഞു: അബ്ബാസേ! ഈ നാശത്തിന്റെ ദിവസം എത്ര നല്ലതായിരിക്കും, ഒരു ഏറ്റുമുട്ടലിന് അവസരം ലഭിച്ചിരുന്നെങ്കിൽ! അവർ പറയുന്നു: പോരാടാൻ കഴിഞ്ഞിരുന്നെങ്കിൽ അത് നന്നായേനെ, ഇപ്പോൾ ഞങ്ങൾക്ക് പോരാടാൻ പോലും കഴിയില്ല. പിന്നീട് ഒരു സംഘം വന്നു. അത് എല്ലാ സംഘത്തേക്കാളും ചെറുതായിരുന്നു. അതിൽ അല്ലാഹുവിന്റെ റസൂലുംﷺഅവിടത്തെ സ്വഹാബിമാരുമുണ്ടായിരുന്നു. നബിﷺതിരുമേനിയുടെ പതാക ഹദ്റത്ത് സുബയ്ർ ബിൻ അവ്വാമിന്റെ ﷺകൈയിലായിരുന്നു. *(സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി ഹദീഥ് 4280)*

മറ്റൊരു നിവേദനത്തിൽ ഇത് ഇപ്രകാരം വിവരിച്ചിരിക്കുന്നു: നബിﷺതിരുമേനി അബൂസുഫിയാന്റെ അടുത്തൂടെ കടന്നുപോയപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങ് അങ്ങയുടെ ജനതയെ കൂട്ടക്കൊല ചെയ്യാൻ കൽപ്പിച്ചിരിക്കുകയാണോ? സഅ്ദ് ബിൻ ഉബാദ എന്താണ് പറയുന്നതെന്ന് താങ്കൾക്കറിയില്ലേ?' നബിﷺതിരുമേനി ചോദിച്ചു: 'അദ്ദേഹം എന്താണ് പറഞ്ഞത്?' അബൂസുഫിയാൻ പറഞ്ഞു: അവ നിങ്ങനെ പറയുന്നുണ്ടായിരുന്നു. 'താങ്കളുടെ ജനതയെക്കുറിച്ച് അല്ലാഹുവിനെ ഓർത്ത് ഞാൻ താങ്കളോട് അപേക്ഷിക്കുന്നു. താങ്കൾ എല്ലാ ആളുകളെക്കാളും കൂടുതൽ ഭക്തനും, കുടുംബബന്ധം പുലർത്തുന്നവനും, കരുണയുള്ളവനുമാണ്.' അല്ലാഹുവിന്റെ റസൂൽﷺപറഞ്ഞു: 'സഅ്ദ് തെറ്റാണ് പറഞ്ഞത്. ഇന്നത്തെ ദിവസം കരുണയുടെ ദിവസമാണ്. ഇന്ന് അല്ലാഹു കഅ്ബക്ക് മഹത്ത്വം നൽകും. അല്ലാഹു ഖുറയ്ശികൾക്ക് യഥാർഥമായ മാന്യതയും നൽകും.'

ഇബ്നു ഇസ്ഹാഖ് രേഖപ്പെടുത്തിയിരിക്കുന്നു, സഅ്ദ് പറഞ്ഞത് മുഹാജിറുകളിൽ ഒരാൾ കേട്ടു. ഇബ്നു ഹിശാം ഈ സംഭവം വിവരിക്കുന്നത് ഉമർﷺകേട്ടുവെന്നാണ്. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ സുരക്ഷിതരല്ല. ഒരുപക്ഷേ, സഅ്ദ് ഖുറയ്ശികളെ ആക്രമിച്ചേക്കും. മറ്റൊരു റിപ്പോർട്ട് അനുസരിച്ച് ഇത് പറഞ്ഞത് ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫും ഹദ്റത്ത് ഉഥ്മാനും ﷺആയിരുന്നു. നബിﷺതിരുമേനി സഅ്ദിന്റെ ﷺ അടുത്ത് ദൂതനെ അയച്ച് അദ്ദേഹത്തിൽനിന്ന് പതാക വാങ്ങി അദ്ദേഹത്തിന്റെ മകനായ ഖയ്സിന് നൽകി."*(സുബുലുൽഹുദാ വാല്യം 5, പേജ് 221-222, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റൂത്ത്)*

ഇതിന്റെ വിശദീകരണങ്ങൾ ചരിത്ര ഗ്രന്ഥങ്ങളിൽനിന്നുദ്ധരിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺ വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു:

'അബൂസുഫിയാന്റെ മുന്നിലൂടെ ഈ സൈന്യം കടന്നുപോകുമ്പോൾ അൻസ്വാറിന്റെ കമാന്ററായ സഅ്ദ് ബിൻ ഉബാദﷺഅബൂസുഫിയാനെ നോക്കി പറഞ്ഞു: 'ഇന്ന് അല്ലാഹു നമുക്ക് മക്കയിൽ വാളിന്റെ ശക്തിയാൽ പ്രവേശിക്കുന്നത് അനുവദനീയമാക്കിയിരിക്കുന്നു. ഇന്ന് ഖുറയ്ശി ഗോത്രം നിന്ദിക്കപ്പെടും. നബിﷺ തിരുമേനി അബൂസുഫിയാന്റെ അടുത്തൂടെ കടന്നുപോയപ്പോൾ അദ്ദേഹം ഉച്ചത്തിൽ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, താങ്കളുടെ ജനതയെ വധിക്കാൻ താങ്കൾ അനുമതി നൽകിയിട്ടുണ്ടോ? ഇപ്പോൾ അൻസ്വാറിന്റെ നേതാവായ സഅ്ദും അദ്ദേഹത്തിന്റെ കൂട്ടാളികളും ഇന്നയിന്ന കാര്യങ്ങൾ പറയുന്നു. ഇന്ന് യുദ്ധം നടക്കുമെന്നും, മക്കയുടെ പവിത്രത ഇന്ന് തങ്ങളെ യുദ്ധത്തിൽനിന്ന് പിന്തിരിപ്പിക്കില്ലെന്നും ഖുറയ്ശികളെ അപമാനിച്ചു വിടുമെന്നുമൊക്കെ! അവർ ഉച്ചത്തിൽ വിളംബരം ചെയ്തിരിക്കുന്നു, അല്ലാഹുവിന്റെ റസൂലേﷺ, താങ്കൾ ലോകത്തിൽ ഏറ്റവും നല്ലവനും, ഏറ്റവും കരുണയുള്ളവനും, ഏറ്റവും കുടുംബബന്ധം പുലർത്തുന്നവനുമായ വ്യക്തിയാണ്. താങ്കളിന്ന് താങ്കളുടെ ജനതയുടെ അതിക്രമങ്ങൾ പൊറുക്കുകയില്ലേ? അബൂസുഫിയാന്റെ ഈ പരാതിയും അപേക്ഷയും കേട്ടപ്പോൾ, മക്കയുടെ തെരുവുകളിൽ മർദ്ദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും, വീടുകളിൽനിന്നും സ്വത്തുക്കളിൽനിന്നും പുറത്താക്കപ്പെടുകയും ചെയ്ത മുഹാജിറുകൾപോലും വേദനിച്ചു. അവരുടെ ഹൃദയങ്ങളിലും മക്കയിലെ ആളുകളോടു ദയ തോന്നി. അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ ﷺ, അൻസ്വാർ മക്കക്കാരുടെ അതിക്രമങ്ങളെക്കുറിച്ച് കേട്ട സംഭവങ്ങൾ കാരണം ഇന്ന് ഞങ്ങൾക്കറിയില്ല അവർ ഖുറയ്ശികളോട് എങ്ങനെ പെരുമാറുമെന്ന്. നബിﷺതിരുമേനി പറഞ്ഞു: 'അബൂസുഫിയാൻ, സഅ്ദ് പറഞ്ഞത് തെറ്റാണ്. ഇന്ന് കരുണയുടെ ദിവസമാണ്. ഇന്ന് അല്ലാഹു ഖുറയ്ശികൾക്കും കഅ്ബാലയത്തിനും അന്തസ്സ് നൽകും.' പിന്നീട് നബിﷺതിരുമേനി ഒരു വ്യക്തിയെ സഅ്ദിന്റെ ﷺഅടുത്തയച്ച് പറഞ്ഞു: താങ്കളുടെ പതാക താങ്കളുടെ മകനായ ഖയ്സിന് നൽകുക. അവൻ താങ്കൾക്ക് പകരം അൻസ്വാർ സൈന്യത്തിന്റെ കമാന്റർ ആയിരിക്കും. ഇങ്ങനെ അവിടന്ന് മക്കക്കാരുടെ മനസ്സ് സന്തോഷിപ്പിക്കുകയും, അൻസ്വാറിന്റെ ഹൃദയങ്ങൾക്ക് വേദനയേൽക്കാതെ സംരക്ഷിക്കുകയും ചെയ്തു. ഖയ്സിനെക്കുറിച്ച് നബിﷺതിരുമേനിക്ക് പൂർണ്ണ വിശ്വാസമുണ്ടായിരുന്നു, കാരണം ഖയ്സ് വളരെ മാന്യനായൊരു യുവാവായിരുന്നു. അദ്ദേഹത്തിനു ലഭിച്ചിരുന്ന ആദരവിന്റേയും മാന്യതയുടേയും ഉദാഹരണം ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (തുടരും)

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
The Weekly BADR Qadian (Malayalam)

ഹദീസുന്നബവിﷺ
'ഇജ്ത്തനിബൂ കുല്ല മുസ്കിരിൻ.'
എല്ലാത്തരം ലഹരി പദാർഥങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ.
ത്വാലിബെ ദുആ
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീസുന്നബവിﷺ
"അൽമുഹ്തകിറു മൽഊനുൻ."
വില കൂടുമ്പോൾ വിൽക്കാനായി ധാന്യം പൂഴ്ത്തിവെക്കുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് വിദൂരസ്ഥനാണ്.
ത്വാലിബെ ദുആ
tectona

tectona
feels more confidence
All Types Of Quality Furniture
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 31 July 2025 Issue-31

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# ഖുത്ബ ജുമുഅ

**അല്ലാഹുവിന്റെ റസൂൽﷺപറഞ്ഞു: ഇന്നത്തെ ദിവസം റഹ്മത്തിന്റെ ദിവസമാണ്. ഇന്ന് അല്ലാഹു കഅ്ബ ദേവാലയത്തിന് മഹത്ത്വം പ്രദാനം ചെയ്യും. അല്ലാഹു ഖുറയ്ശികൾക്ക് യഥാർഥമായ മാന്യത പ്രദാനം ചെയ്യും.**

---

**സ്വഹാബാക്കൾ നബിﷺതിരുമേനിയെ പിന്തുടർന്ന് നമസ്കരിക്കുന്നത് അബുസുഫിയാൻ കണ്ടു. എന്നിട്ട് പറഞ്ഞു: ഞാൻ കിസ്റായുടെ ദർബാറും കണ്ടിട്ടുണ്ട്. ഖയ്സ്വറിന്റെ ദർബാറും കണ്ടിട്ടുണ്ട്. പക്ഷേ, മുഹമ്മദ് റസൂലുല്ലാഹിﷺയുടെ ജമാഅത്ത് അദ്ദേഹത്തിൽ എത്രത്തോളം ആസക്തരാണോ അത്രത്തോളം അവരുടെ ജനത അവരുടെ നേതാക്കന്മാരിൽ ആസക്തരായിട്ടുള്ളത് ഞാൻ കണ്ടിട്ടില്ല.**

---

**നബിﷺതിരുമേനി പറഞ്ഞു:“അബൂസുഫിയാന്റെ വീട്ടിൽ പ്രവേശിക്കുന്നവൻ സുരക്ഷിതനായിരിക്കും, മസ്ജിദ് കഅ്ബയിൽ പ്രവേശിക്കുന്നവൻ സുരക്ഷിതനായിരിക്കും, ആയുധങ്ങൾ താഴെയിടുന്നവൻ സുരക്ഷിതനായിരിക്കും, തന്റെ വീടിന്റെ വാതിലടച്ചിരിക്കുന്നവൻ സുരക്ഷിതനായിരിക്കും, ഹക്കീം ബിൻ ഹിസാമിന്റെവീട്ടിൽ പോകുന്നവനും സുരക്ഷിതനായിരിക്കും.”**

---

**നബിﷺതിരുമേനി പറഞ്ഞു: “ബിലാലിന്റെؓ പതാക ഉയർത്തുക, അദ്ദേഹത്തെ ബൂട്ടിട്ട് നെഞ്ചത്ത് കയറി ചവിട്ടിയുരുന്ന മക്കയിലെ നേതാക്കന്മാരോടും, അദ്ദേഹത്തിന്റെ കാലിൽ കയർമുറുക്കിക്കെട്ടി വലിച്ചിഴച്ചവരോടും, ചുട്ടുപൊള്ളുന്ന മരുമണലിൽ അദ്ദേഹത്തെ കിടത്തിയവരോടും പറയുക: ‘നിങ്ങൾക്കും നിങ്ങളുടെ ഭാര്യമാർക്കും കുട്ടികൾക്കും ജീവൻ വേണമെങ്കിൽ ബിലാലിന്റെؓ കൊടിക്കീഴിൽ വരുക. ലോകം സൃഷ്ടിക്കപ്പെട്ട നാൾമുതൽ, മനുഷ്യന് ശക്തി ലഭിച്ച നാൾ മുതൽ, ഒരാൾ മറ്റൊരാളിൽനിന്ന് തന്റെ രക്തത്തിന് പ്രതികാരം ചെയ്യാൻ തയ്യാറാവുകയും അവന് ശക്തി ലഭിക്കുകയും ചെയ്ത നാൾ മുതൽ ഇതുപോലൊരു മഹത്തായ പ്രതികാരം ഒരു മനുഷ്യനും ചെയ്തിട്ടില്ലെന്ന് ഞാൻ കരുതുന്നു. കഅ്ബാലയത്തിന് മുന്നിലെ മൈതാനത്ത് ബിലാലിന്റെؓ പതാക നാട്ടിയപ്പോൾ, ‘ബിലാലിനെ ചവിട്ടിമെതിക്കുകയും മുഹമ്മദ്ﷺ കള്ളനാണെന്ന് പറയാൻ നിർബന്ധിക്കുകയും ചെയ്തിരുന്ന അറേബ്യയിലെ നേതാക്കന്മാർ ഓടിവന്ന് തങ്ങളുടെ ഭാര്യമാരുടെയും കുട്ടികളുടെയും കൈയ്പിടിച്ച് ബിലാലിന്റെؓ പതാകയ്ക്കുകീഴിൽവന്ന് തങ്ങളുടെ ജീവൻ രക്ഷിക്കാൻവേണ്ടി യാചിക്കുമ്പോൾ, ബിലാലിന്റെؓ ഹൃദയവും ജീവനും അല്ലാഹുവിന്റെ റസൂലായ മുഹമ്മദിന്ﷺ എത്രത്തോളം സമർപ്പിക്കപ്പെട്ടിരിക്കും! ‘ഈ കാഫിറുകളോടു പകരം വീട്ടാൻ സാധിക്കുമോ ഇല്ലേ എന്നെനിക്കറിയില്ലായിരുന്നു. എന്നാൽ, ഇപ്പോൾ പകരം വീട്ടിയിരിക്കുന്നുവെന്നും തന്റെ നെഞ്ചിൽ ആരുടെ കാലുകളാണോ പതിഞ്ഞത് അവരുടെ ശിരസ്സ് ഇന്ന് എന്റെ കാൽക്കൽ വെച്ചിരിക്കുന്നുവെന്നും പറഞ്ഞിട്ടുണ്ടാകും.**

---

**യൂസുഫിന്റെؑ പകരം വീട്ടലിനെക്കാൾ ഗംഭീരമായിരുന്നു അത്. കാരണം യൂസുഫ്ؑ തന്റെ പിതാവിലുള്ള സഹോദരങ്ങൾക്കാണ് മാപ്പു നൽകിയത്. ആർക്കുവേണ്ടിയാണോ അദ്ദേഹം ചെയ്തത്, അത് അദ്ദേഹത്തിന്റെ പിതാവായിരുന്നു, ആർക്കെതിരാണോ ചെയ്തത് അവർ അദ്ദേഹത്തിന്റെ സഹോദരന്മാരായിരുന്നു. എന്നാൽ, മുഹമ്മദ് റസൂലുല്ലാഹിﷺ തന്റെ പിതൃസഹോദരന്മാർക്കും സഹോദരങ്ങൾക്കും ഒരു അടിമയുടെ ചെരിപ്പിന്റെ ഉറപ്പിലാണ് മാപ്പു നൽകിയത്. ഇതിനു മുമ്പിൽ യൂസുഫിന്റെؑ പകരം വീട്ടലിന് എന്തു പ്രസക്തി!’(ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ)**

---

**ഗസ്‌വാ ഫത്ഹെ മക്കായുടെ പശ്ചാത്തലത്തിൽ ജ്ഞാനഭരിതമായ നബിചരിത്ര വിവരണം.**

---

**ഇനാമുള്ള സാഹിബിന്റെ ഭാര്യ മുകർറമ അമീന ശഹ്നാസ് സാഹിബയെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ 2025 ജൂൺ 27, 1404 ഇഹ്സാൻ 27, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

കഴിഞ്ഞ ഖുത്ബയിൽ, നബിﷺതിരുമേനി സൈന്യത്തോടൊപ്പം നിശബ്ദമായി മക്കയുടെ അടുത്തെത്തി താവളമടിച്ചതിനെക്കുറിച്ച് പറഞ്ഞുവരികയായിരുന്നു. നബിﷺ തിരുമേനി പതിനായിരം സ്ഥലങ്ങളിൽ തീ കത്തിച്ചുതെളിയിച്ചിരുന്നു. അബൂസുഫിയാനും അദ്ദേഹത്തിന്റെ കൂട്ടാളികളും ഇതു കണ്ടപ്പോൾ വല്ലാതെ പരിഭ്രമിച്ചു. ഇതിന്റെ ചില വിശദീകരണങ്ങൾ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. ഈ വിഷയത്തിൽ കൂടുതൽ വിശദീകരണങ്ങൾ ഞാൻ നൽകുന്നതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഒരു സ്ഥലത്ത് ഇപ്രകാരം വിവരിക്കുന്നു: “ഹദ്റത്ത് അബ്ബാസ്ؓ, അബൂസുഫിയാന്റെ പഴയകാല സുഹൃത്തായിരുന്നതിനാൽ, അദ്ദേഹം അബൂസുഫിയാനോട് തന്റെകൂടെ വാഹനത്തിൽക്കയറി അല്ലാഹുവിന്റെ നബിയുടെ തിരുസന്നിധിയിൽ ഹാജരാകാൻ നിർബന്ധി

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin